# THE CHURCH WEEKLY

Vol. VIII. | SUNDAY 31ST OCTOBER 1954 | PRICE 2 ANNAS A COPY | NO. 43

## A SOUND OF GENTLE STILLNESS

1st Kings XIX, 12.

(Father LaurenceS. Jackson, M. A., L Th., H C F.)

II

We can pray at all times and in every place, but within a consecrated church we can find the silence which will enable us to realise the presence in our midst of the living and loving Redeemer who tabernacles among men, and to draw upon that strength which is available through prayer and the sacraments. This divine equipment we need at every hour of our life.

Let me refer again to S. Peter's Chapel, of which I have written above. It is built in the heart of Bishop Cotton School, and is set in the midst of a busy hire of young people. Its doors are always open, and one can slip with its dim interior, and leave behind for a moment or two "the daily round and the common task." Within its portals many souls have found the peace which passeth all understanding through the ministry of absolution. The chapel is no mere ornament: it is at the very hub of all the school activities. Here the daily sacrifice is offered for the quick and the dead. The school day begins with prayer in the Chapel, and at the close of the day, the evening prayers are said. Everything is ordered that young life may be helped along the way that leadeth to eternity: divine food is available for the lambs of Christ, that they may be incorporated with the Master, and go forth into the world, to witness to the truth that he lives in the hearts of men. And the young people who are taught to value the ministrations of the Church, learn to love the courts of the Lord and are often to be found kneeling in the silence of the chapel waiting upon God.

Even so: it is not always easy for folks to recognise the significance of silence. For if the divine voice is to be heard, the mind must be stilled by fixing itself upon God. Only when there is intense concentration can the *still small voice* be perceived. For it is possible to be quiet outwordly and yet to have a mind diffused and utterly restless. All sorts of ideas may chase one another through the emotions, unless there is complete direction towards God. That means that our outward observance of silence must be a means to help us to obtain the waiting upon God. For he will keep him in perfect peace whose mind is stayed upon him. Only then will he hear the tranquil voice of the creator, speaking from out the silence: "Be still, and know that I am God."

Our Master himself has shown us how he valued silence. In the desert for forty days, fresh from his spiritual endowment at the Jordan, he grasped that celestial power and strength, which enabled him to wrestle with the evil-one. and gain the victory over temptation Panoplied with divine armour, he went forth into the world and completed the dispensations of salvation which he had began when he took flesh of Mary the virgin.

Also, how often did he withdraw himself to some hill-top, to commune with his heavenly Father, even as he withdrew himself at Gethsemane from the company of his beloved disciples? There in the silence he faced the terrible trial of his passion and death which lay before him, and there the watching angels strengthened him.

So it has often been with the Master's followers the great hermits sought for strength in the silence of the deserts and many of them were called from their retreats to some great work for God and his Church.

We cannot do better than follow the divine example, and from time to time seek some quiet spot where we can meditate upon the love of God. In the quietness we should ponder over the attributes of the Creator His glory and majesty first of all, and then His overwhelming love.

Brother Laurence in his "Practice of the Presence of God," speaking of himself as the most wretched of men, states that having confessed all his wickedness and asking for forgiveness, he abandoned himself into God's keeping and instead of chastisement, "The King full of mercy and goodness......embraced him with love and making him eat at his table, served him with his own hands."

It was the realisation of God's love which enabled him to consecrate his menial tasks among his pots and pans, to the divine service. So he demonstrates that men and women can live for God, in their kitchens or in their office or factory.

Therefore, if we find God in the silence, we shall be able to perform our outward duties with tranquillity and joy, and we shall walk in the way that leadeth to

അസ്സീസ്സിയിലെ ഫ്രാൻസിസ് 18

# മൗനിയും വാഗ്മിയും സിംഹസന്നിഭനായ കുഞ്ഞാടും

(എം. കുര്യൻ ബി. എസ്‌സി., കോതമംഗലം)

ക്ലേശങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു അത്. എന്നാൽ, കലർപ്പില്ലാത്ത ആനന്ദത്തിന്റെ നീരുറവ അവരിൽ സദാ പ്രസന്നതയും സന്തുഷ്ടിയും വർഷിച്ചു. ലാളിത്യം കലർന്ന ജീവിതരീതിയിലും നിശാവേളകളിലെ കൊടിയ ശൈത്യത്തിലും അവർ അധീരരായില്ല. ധർമ്മബോധം മുറ്റിയ നേതാവിന്റെ സഹവാസവും പ്രബോധനങ്ങളും അവരിൽ ഉശിരും ധൈര്യവും വളർത്തി; അവർക്കു പ്രത്യാശയും നവോന്മേഷവും പ്രദാനം ചെയ്തു. ദാരിദ്ര കുമാരിയുടെ ഉപാസന അവരെ സന്തുഷ്ടരാക്കി.

അക്കൂട്ടത്തിൽ ഏറ്റവും സൗമ്യനും ശാന്തശീലനുമാണ് ലിയോ. ഫ്രാൻസിസിനു ലിയോയുടെ നേർക്കും ലിയോയ്ക്ക് ഫ്രാൻസിസിന്റെ നേർക്കുമുണ്ടായിരുന്ന നിർമ്മലസ്നേഹം ഫ്രാൻസിസ്സിന്റെ ചരിത്രത്തിലെ മനോജ്ഞവും സുഗന്ധിയുമായ ഒരു സംഭവമാണ്. അധീരനായ ഒരു കൊച്ചു പുരോഹിതൻ. ഇദ്ദേഹത്തെയാണ് തന്റെ കുമ്പസാര പിതാവും മാർഗ്ഗദർശിയുമായി ഫ്രാൻസിസ് സ്വയം തെരഞ്ഞെടുത്തത്. ഫ്രാൻസിസിന്റെ ഓരോ പരീക്ഷയും ഓരോ വിഘ്നവും അറിയാനിടവന്ന ലിയോ, അദ്ദേഹത്തിന്റെ പാദത്തിൽ വീണ് ആ വ്യക്തിയെ ആരാധിച്ചിരുന്നുവെന്നത് എത്ര വലിയൊരു സാക്ഷ്യമാണ്! ഫ്രാൻസിസിന്റെ സെക്രട്ടറി ഒന്നാന്തരമൊരു എഴുത്തുകാരനായ ലിയോ ആയിരുന്നുവെന്നു പറയാം. ഫ്രാൻസിസിനെ നിഷ്പ്രഭനായ ഏതോ പുണ്യവാളനാക്കി അദ്ദേഹത്തിന്റെ വ്യക്തി മാഹാത്മ്യത്തെ തരം താഴ്ത്തുന്നതിനുള്ള ശ്രമം നടക്കവേ, ഫ്രാൻസിസിന്റെ യഥാർത്ഥ രൂപം ഇരുന്നെഴുതുന്നതിനു മറ്റുള്ളവർക്കു പ്രചോദനം നൽകിയതും പ്രധാനലേഖകനായി നേതൃത്വം വഹിച്ചതും ലിയോ തന്നെ. ഗുരു ജീവിച്ചിരിക്കവേ, അദ്ദേഹത്തിന്റെ ജീവിതത്തെ സൂക്ഷ്മനിരീക്ഷണം ചെയ്തു മനസ്സിലാക്കിയിരുന്നതു മുഴുവൻ ഈ ഘട്ടത്തിൽ ശിഷ്യനു വളരെയധികം ഉപകരിച്ചു. ഫ്രാൻസിസിന്റെ ജീവചരിത്രമെഴുതിയ "മൂന്നു സുഹൃത്തുക്ക"ളിൽ പ്രധാനിയും ലിയോ തന്നെ. "ദൈവത്തിന്റെ കൊച്ചു കുഞ്ഞാട്." ഫ്രാൻസിസ് തന്റെ പ്രിയ ശിഷ്യനെ ഈ പേരിലാണ് വിളിച്ചിരുന്നത്. അന്യർ തന്റെ ഗുരുവിന്റെ മേൽ താറടിക്കുവാൻ ഉദ്യമിച്ചപ്പോൾ, ഈ കുഞ്ഞാടിന്റെ സ്നേഹം അദ്ദേഹത്തെ ഒരു സിംഹമായി രൂപാന്തരപ്പെടുത്തിയെന്നാണ് വാസ്തവം. ('ലിയോ' പദത്തിനു 'സിംഹം' എന്നർത്ഥം). ഈ കൊച്ചു സെക്രട്ടറിയുടെ തൂലികാ ചലനം, കലഹിച്ചു മാറിയ സമൂഹത്തിന്റെയും പാപ്പാമാരുടെയും ശക്തിയേക്കാൾ ബലിഷ്ഠമായി പരിണമിച്ചുവെന്നതു അത്ഭുതാവഹമായി തോന്നാം. ഇന്നു ലോകത്തിന് അവിസ്മരണീയനായ ഫ്രാൻസിസിനെ ലോകത്തിനു നൽകിയതിനു നാം ലിയോയോടു തികച്ചും കടപ്പെട്ടിരിക്കുന്നു. ഗുരുവിന്റെ സന്ദേശങ്ങളെ അദ്ദേഹം അക്ഷയമായി കാത്തു കൊണ്ടു.

അസ്സീസ്സിയിലെ പ്രബല പ്രഭുകുടുംബങ്ങളിലൊന്നായ സ്റ്റെഫിയിലെ ഒരംഗമാണ് റൂഫിനോ. ചിന്താലീനനും നിശ്ശബ്ദനും അധീരനുമായ ഒരു അസാധാരണ പുരുഷൻ. വ്രീളാവിവശനായ റൂഫിനോക്കിന്നു പ്രസംഗിക്കുക വിഷമമേറിയ ഒരു കൃത്യമായിരുന്നു. ഫ്രാൻസിസ്സിന്റെ സമൂഹത്തിലെ മിക്ക അംഗങ്ങളിലും പ്രത്യക്ഷപ്പെട്ട കരകവിഞ്ഞ ആനന്ദമോ അകമഴിഞ്ഞ ഗാനാലാപമോ റൂഫിനോയിൽ ദൃശ്യമായിരുന്നില്ല. ഏതോ അധൈര്യഭാവവും വിഷാദാത്മകതയും റൂഫിനോയെ പിടികൂടി. ഇതൊക്കെയാണെങ്കിലും അദ്ദേഹം ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. മനുഷ്യഹൃദയത്തെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു കഴിവുള്ള ഫ്രാൻസിസ് റൂഫിനോയെ ശരിക്കു മനസ്സിലാക്കി; അസാധാരണ വിഷമതകളുടെ മുമ്പിലും റൂഫിനോ, ഒരുതരത്തിൽ, തന്റെ സഹോദരങ്ങളിൽവച്ച് ഏറ്റവും വിശുദ്ധനാണെന്ന് ഫ്രാൻസിസ് അറിഞ്ഞിരുന്നു

"ഉറങ്ങുമ്പോഴും ജോലി ചെയ്യുമ്പോഴും റൂഫിനോയുടെ മനസ്സ് സദാ കർത്താവിനോടു കൂടിയാണ്", ഫ്രാൻസിസ് പറയുമായിരുന്നു. ഫ്രാൻസിസ് മരിച്ചു വളരെക്കാലം കഴിഞ്ഞ്, റൂഫിനോയുടെ ജീവിതാന്ത്യത്തിൽ, ആ പ്രിയനേതാവ് ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ടു. റൂഫിനോയ്ക്ക് മധുരോദാരമായ ഒരു ചുംബനം നൽകിയെന്നും അങ്ങനെ ആ ശിഷ്യൻ സമാധാനത്തോടെ മരിച്ചുവെന്നുമാണ് ഐതിഹ്യം. പരിപൂർണ്ണതയ്ക്കുവേണ്ടിയുള്ള ഓട്ടത്തിൽ റൂഫിനോയെ കടന്നുപോകാൻ മിക്ക സഹോദരങ്ങൾക്കും കഴിഞ്ഞിരുന്നില്ല.

ദീർഘകായനും സുന്ദരനും വാഗ്മിയുമായ മാസ്സിയോ, റിവോടോർറ്റോ ജീവിതത്തിനു വർണ്ണശബളത ചൂട്ടി. പല പ്രസംഗയാത്രകളിലും ഫ്രാൻസിസ് മാസ്സിയോയെ കൂടെ കൊണ്ടുപോകും. ആ സുഹൃത്തിനെ കളിയാക്കുന്നതിൽ ഫ്രാൻസിസ് രസിച്ചിരുന്നുവെന്നു തോന്നിയേക്കാം. ഒരു ദിവസം അവരിരുവരും ഒരു നാൽക്കവലയിലെത്തി.

"പിതാവേ, ഏതു വഴി തിരിയണം?" മാസ്സിയോ തെരക്കി.

"ദൈവം കാണിക്കുന്ന വഴി അല്ലാതെന്ത്?"

"പക്ഷെ, ദൈവം ഉദ്ദേശിക്കുന്ന വഴി ഏതെന്ന് എങ്ങനെ അറിയും?"

"വളരെ എളുപ്പമാണ്. നീ അവിടെനിന്ന് അതിവേഗം സ്വയം "ഒറ്റപ്പാലം" കറങ്ങുക. ഞാൻ പറയുന്ന നിമിഷത്തിലേ നിറുത്താവൂ."

സമൂഹാദ്ധ്യക്ഷൻ പരിശുദ്ധാനുസര

---

eternal life.

You will remember how Hannah's son, the little boy Samuel, heard the Lord's voice at eventide in sacred temple. There he gained inspiration to do the prophetic work which was to be his vocation. His answer: "Speak, for thy servant heareth" must be ours also. Every day we should set apart a time for meditation, and must daily try to shut out the distractions of the world, to bring our cares and lay them at the foot of cross, and leave them there. Then we shall be better able to please God in whatsoever state of life to which he may call us. Often we miss him in the wind, the storm and the fire, but in the silence you can find him and make him your friend and be sure, that if you have God ton your friend, no power either in earth or heaven can overwhelm you.

ണമാവശ്യപ്പെട്ടു നൽകുന്ന കൽപ്പനയെ ചോദ്യം ചെയ്തുകൂടാ. നാൽക്കവലയ്ക്കൽനിന്നു് ശിഷ്യൻ കറങ്ങിത്തുടങ്ങി. ഫ്റാൻസിസ് കണ്ണടച്ചു നിൽക്കുകയാണ്.

പെട്ടെന്നു് ഒരു ശബ്ദം! നിറുത്തുക. ഇപ്പോൾ നീ ഏതു വശിക്കു തിരിഞ്ഞുനിൽക്കുന്നു.?"

"സീനാ നഗരത്തിന്റെ നേർക്കു്," കിതച്ചുകൊണ്ടു് ശിഷ്യൻ മറുപടിപറഞ്ഞു.

"ശരി, നാം സീനായിലേക്കു പോകണമെന്നാണ് ദൈവഹിതം" ഫ്റാൻസിസ് വിശദീകരിച്ചു.

ഒരു പട്ടണത്തിൽ പ്രസംഗിച്ചു കഴിഞ്ഞു്, ഗുരുവും ശിഷ്യനും ആ വഴിയായി ഭിക്ഷാടനത്തിനിറങ്ങി. വീടുകൾ തോറും നടന്നു് അവർ ഭക്ഷണമിരന്നു. ഉയരത്തിൽ കുറിയവനും, ഒറ്റനോട്ടത്തിൽ അനാകർഷണീയനുമായ ഫ്റാൻസിസിനു് അധികമൊന്നും ആരും നൽകിയില്ല. എന്നാൽ മറ്റൊരു വഴി പോയ ശിഷ്യനു് അടുക്കളനായികമാർ ഒന്നാംതരം ഭക്ഷണപദാർത്ഥങ്ങൾ സമ്മാനിച്ചു. മാസ്സിയോയുടെ സൗന്ദര്യത്തിന്റെ നേർക്കുള്ള ആദരവോ, അല്ലെങ്കിൽ, ഇത്ര വലിയ ഒരു ശരീരത്തിനു ധാരാളം ഭക്ഷണമാവശ്യമാണെന്ന അനുകമ്പാർദ്രതയോ ആയിരിക്കണം ഗൃഹനായികമാരുടെ ഉദാരതയ്ക്കു ഹേതു. ഏതായാലും മടക്കയാത്രയിൽ ഗുരുവിനു് പരിഹാസത്തിനൊരു വിഷയം കിട്ടിപ്പോയി.

ശിഷ്യനും ഗുരുവിനെ വെറുതെ വിടാറില്ല. ഒരു പ്രസംഗകനെന്ന നിലയിൽ ഫ്റാൻസിസിനു ലഭിച്ച വിജയംകൊണ്ടു് മാസ്സിയോ അമ്പരന്നിട്ടുണ്ടു്. ഫ്റാൻസിസ്, റിവോടോർറോയിലെ ഒരു കൊച്ചു കുടിലിൽ തിങ്ങിഞെരുങ്ങിയാണു പാർത്തിരുന്നതെങ്കിലും, അദ്ദേഹത്തെപ്പറ്റിയുള്ള വാർത്ത അംബ്രിയ, ടസ്കനി, മാർച്ചസ് എന്നീ ഡിസ്ട്രിക്ടുകളിലെല്ലാം കാട്ടുതീപോലെ പരന്നു. ഫ്റാൻസിസും കൂട്ടുകാരനും ഏതെങ്കിലും ഗ്രാമത്തെ സമീപിക്കുന്നതോടെ, ദേവാലയമണികൾ മുഴങ്ങുകയായി. കുട്ടികൾ ഓടിയെത്തും. സ്ത്രീകൾ ജോലിവിട്ടും പുരുഷന്മാർ പണിയായുധങ്ങൾ വയലിൽ തന്നെയിട്ടുംഓടിക്കൂടും. ഫ്റാൻസിസ് ഏതെങ്കിലും ഉയർന്നസ്ഥാനത്തു കയറി പ്രസംഗിക്കാൻ തുടങ്ങും. ജനക്കൂട്ടത്തെ നിശ്ചിതമായ അകലത്തിൽ മാറ്റി നിറുത്തുകയും, പ്രസംഗം ശ്രദ്ധിക്കാൻ അവരെ ഉൽബോധിപ്പിക്കുകയും മാസ്സിയോയുടെ ചുമതലയാണ്. മാസ്സിയോയും ഒരു നല്ല പ്രസംഗകനായിരുന്നു. ഒരവസരത്തിൽ ആ യുവാവു് മടക്കയാത്രയിൽ, അന്തംവിട്ടു് പ്രലപിച്ചുതുടങ്ങി.

"എന്താണിതു്? എന്തുകൊണ്ടാണു് ഈ ജനങ്ങൾ നിന്റെ പിന്നാലെ മാത്രം ഓടിക്കൂടുന്നതു്? നിനക്കെന്താണൊരു വിശേഷത? നിനക്കു സൗന്ദര്യമില്ല; രൂപഭംഗിയില്ല; പ്രഭുകുടുംബാംഗമല്ല. പിന്നെ എന്തിനു് ഈ ലോകം മുഴുവൻ നിന്റെ പിന്നാലെ ഓടിക്കൂടുന്നു.?"

ഫ്റാൻസിസ് പ്രതിവചിച്ചു: "അതോ, പറയാം. ഈ പ്രപഞ്ചം മുഴുവൻ തെരഞ്ഞിട്ടു എന്നേക്കാൾ നികൃഷ്ടനും പാപിയുമായ ഒരു വ്യക്തിയെ കണ്ടുപിടിക്കാൻ ദൈവത്തിനു കഴിഞ്ഞില്ല. ലോകത്തിലെ ഉൽകൃഷ്ടത, ബലിഷ്ഠത, വിജ്ഞാനം എന്നിവയെ അമ്പരപ്പിക്കുന്നതിനും, അങ്ങനെ എല്ലാകാര്യങ്ങളും സ്രഷ്ടാവിൽ നിന്നാണു സൃഷ്ടിയിൽനിന്നല്ല പുറപ്പെടുന്നതെന്നു് എല്ലാ മനുഷ്യരും ഗ്രഹിക്കുന്നതിനും വേണ്ടിയാണ് ഈ അരിഷ്ടപാപിയെ അയച്ചിരിക്കുന്നതു്."

തന്റെ സംഘാംഗങ്ങളുടെ സ്വഭാവഗുണങ്ങളെ നിരീക്ഷിച്ച ശേഷം ഫ്റാൻസിസ് പറയാറുണ്ടായിരുന്നു: "ഉത്തമനായ ഒരു ഫ്റാൻസിസ്കൻ സന്യാസി ബർണാഡിനെപ്പോലെ ദാരിദ്ര്യപ്രേമിയും വിശ്വാസിയും ലിയോയെപ്പോലെ ലളിത സ്വഭാവിയും നിർമ്മലനും മാസ്സിയോയെപ്പോലെ ബുദ്ധിശാലിയും വാഗ്മിയും ജൂണിപ്പറെപ്പോലെ ക്ഷമാ സമ്പന്നനും റോജറെപ്പോലെ ധർമ്മിഷ്ഠനും ഏഞ്ജലോയെപ്പോലെ ആദരസമന്വിതനും ആയിരിക്കണം. ഗൈൽസിനെപ്പോലെ മനസ്സ് സദാ ദൈവത്തിൽ ധ്യാനനിരതമായിരിക്കണം., റൂഫിനോ പ്രാർത്ഥിക്കുന്നതുപോലെ സദാ ജാഗരണത്തോടെ പ്രാർത്ഥിക്കുന്നവനായിരിക്കണം. ജോണിനെപ്പോലെ ക്രിസ്തുവിനെ പിന്തുടരാൻ ശരീരമനസ്സുകളിൽ ബലിഷ്ഠനായിരിക്കണം., ലൂസിഡോയെപ്പോലെ, നമ്മുടെ വാസസ്ഥലം ഇവിടെയല്ല, സ്വർഗ്ഗത്തിലാണ് എന്നു പറയുന്നവനായിരിക്കണം."

## ചർച്ച്‌വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്കു് | 6 | 0 | 0 |
| ആറു മാസത്തേക്കു് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |


**ജയഭാരതം ആര്യവൈദ്യശാല (Regd.)**

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ടു്, കല്ലിശ്ശേരി, ഏഴംകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ടു്, ചെങ്ങമനാട്ടു്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും ചില്ലറയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

നിഖ്യാവിശ്വാസപ്രമാണം. 5

# സർവശക്തനായ ദൈവം

(റവ. ഡീക്കൻ. എം. വി. ജോർജ്ജ് എം. എ എസ്. ടി. എം.)

"പിതാവും സർവശക്തനുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു." ദൈവത്തിന്റെ സ്നേഹാധിക്യത്തെ സൂചിപ്പിക്കുന്ന പിതൃത്വവും, സർവജ്ഞത്വം സർവവ്യാപിത്വം മുതലായ ദൈവസ്വഭാവങ്ങൾ ഉൾക്കൊള്ളുന്ന സർവശക്തിത്വവും ഒരുമിച്ചു പറഞ്ഞിരിക്കുന്നതു വളരെ അർത്ഥവത്താകുന്നു. 147-ാം സങ്കീർത്തനത്തിൽ "യഹോവയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ" അവൻ മൃഗങ്ങൾക്കും കരയുന്ന കാക്കകൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നു' എന്ന വാക്യം ദൈവത്തിന്റെ പൈതൃകസ്നേഹത്തെയും 'അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു അവയ്ക്കൊക്കെയും പേർ വിളിക്കുന്നു" എന്ന വാക്യം തന്റെ സർവശക്തിയെയും വിളിച്ചു പറയുന്നു. എല്ലാ നക്ഷത്രങ്ങളെയും പേർചൊല്ലി വിളിക്കുവാൻ സർവശക്തനല്ലാതെ ആർക്കു കഴിയും? ഓരോ കാക്കക്കുഞ്ഞിന്റെയും കരച്ചിൽ കേട്ട് അതതിനു് ആഹാരം കൊടുക്കുന്ന സ്നേഹത്തെ വെല്ലുന്ന സ്നേഹം എവിടെ? അബ്രഹാമിനു ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ "ഞാൻ സകലത്തിനും മതിയായ സർവശക്തിയുള്ള ദൈവമാകുന്നു' (എൽഷദ്ദായി എന്ന എബ്രായപദത്തിന്റെ അർത്ഥമതാണ്) എന്നാണല്ലോ തന്നെക്കുറിച്ചു തന്നെ അറിയിച്ചതു് (ഉല്പത്തി 17: 1). മോശെക്കുണ്ടായ വെളിപ്പാടിലും ദൈവം തന്നെക്കുറിച്ചു തന്നെ പറഞ്ഞിരിക്കുന്നതു "ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷമായി" (പുറപ്പാടു് 6. 3) എന്നാണ്. മാലാഖമാരുടെ സ്തുതിയും "സർവശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നാണല്ലോ (വെളി. 4. 8) വീണ്ടെടുക്കപ്പെട്ട സഭയുടെ മക്കൾ വലിയ പുരുഷാരത്തിന്റെ ഘോഷംപോലെ അട്ടഹസിക്കുവാൻ ഇരിക്കുന്ന വാചകവും "ഹാലേലൂയ്യാ സർവശക്തിയുള്ള നമ്മുടെ കർത്താവായ ദൈവം രാജത്വം ഏററിരിക്കുന്നു. നാം സന്തോഷിച്ചു ഉല്ലസിച്ചു് അവനു മഹത്വം കൊടുക്കുക എന്നാകുന്നു. (വെളി. 19. 6, 7). ഈ വിശ്വാസം സഭ ഏററുപറയുവാൻ കാരണമായ ആരംഭകാലത്തു സർവശക്തിയില്ലാത്ത പല ദൈവങ്ങളിൽ ഒരു വലിയ ജനവിഭാഗം വിശ്വസിച്ചുപോന്നു. മൂശാരിവിഗ്രഹം വാർക്കുന്നു; തട്ടാൻ പൊന്നുകൊണ്ടു പൊതിയുകയും അതിനു വെള്ളിച്ചങ്ങല തീർക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പ്രതിഷ്ഠെക്കു വകയില്ലാത്തവൻ ദ്രവിച്ചുപോകാത്ത ഒരു മരക്കണ്ടം കണ്ടെടുത്തു് ഇളകാത്ത വിഗ്രഹം കൊത്തിയുണ്ടാക്കി നിറുത്തുവാൻ ഒരു ശില്പിയെ അന്വേഷിക്കയും ചെയ്യുന്നു." (യെശയ്യാ 40: 19, 20). ഇങ്ങനെയുള്ള വിഗ്രഹങ്ങളെ ആരാധിക്കുന്നവരോട് ഒരു ക്രിസ്ത്യാനിക്കു പറയുവാനുള്ളതു "ഞങ്ങളോ സർവശക്തനായ ദൈവത്തിൽവിശ്വസിക്കുന്നു" എന്നുള്ളതത്രേ.

ദൃശ്യവും അദൃശ്യവുമായ സകല ചരാചരങ്ങൾക്കും ജീവനും യാഥാർത്ഥ്യവും നൽകിയവനും നൽകിക്കൊണ്ടിരിക്കുന്നവനും സർവശക്തനാകാതിരിപ്പാൻ നിവൃത്തിയില്ല. താൻ അഗ്രഹിക്കുന്നതുതനിക്കു കഴിയും. തന്റെ സ്വാതന്ത്ര്യത്തിനു് അതിരുവെയ്ക്കുവാൻ നിവൃത്തിയില്ല. തനിക്കു മാത്രമേ നിത്യതയും സർവ്വവ്യാപിത്വവും ഉള്ളൂ. തനിക്കു കഴിയാത്തതു് എന്തെങ്കിലും ഉണ്ടെങ്കിൽ അതു് "തന്റെ സ്വഭാവം ത്യജിപ്പാൻ തനിക്കു കഴികയില്ല." എന്നുള്ളതു മാത്രമാകുന്നു. നല്ലവനായ ദൈവത്തിനു് ചീത്തപ്രവർത്തിപ്പാൻ കഴികയില്ല എന്തെന്നാൽ താൻ ചീത്ത പ്രവർത്തിക്കുന്നു എന്നു വന്നാൽ വെളിച്ചത്തിൽ നിന്നു ഇരുട്ടായി എന്നു വരുമല്ലോ. ഹിററ്ലർ ദൈവത്തെ സർവ്വശക്തൻ എന്നു് അയിരുന്നു അഭിസംബോധന ചെയ്യാറുണ്ടായിരുന്നതു്. എന്നാൽ ക്രിസ്തീയമായ അർത്ഥത്തിലല്ല ഹിററ്ലർ സർവ്വശക്തനെന്നു ദൈവത്തെ വിളിച്ചു വന്നതു്. തിന്മയുടെ ശക്തിക്കു് ദൈവത്തിൽ സ്ഥാനമില്ല. The Power of God, real Power, is opposed to power in itself. It is also superior to it and more, it is its opposite" (Karl Barth) പിതാവായ ദൈവത്തിന്റെ സർവ്വശക്തിയാണു് ദൈവീകസർവ്വശക്തി; അല്ലാതെ വെറും സർവശക്തിയുടെ മൂർത്തീകരണമല്ല. "ഞാൻ സർവ്വശക്തനാകുന്നു, എന്റെ മുമ്പാകെ നല്ലവനായി നടക്ക" എന്നാണു് ദൈവം പറയുന്നതു്. തിന്മ ഉൾക്കൊള്ളുന്ന സർവശക്തി വാസ്തവത്തിൽ സർവ ശക്തി അല്ലതന്നെ. അതിനാൽ ദൈവത്തിന്റെ സർവശക്തി നന്മമാത്രം ഉൾക്കൊള്ളുന്നതും യഥാർത്ഥ സർവശക്തിയുമാണ്.

സർവ്വശക്തനായ ദൈവത്തിനു തന്റെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി വെറും മൺകട്ടകളായ മനുഷ്യരാശിയെ ആവശ്യമായിരിക്കുന്നതു ഒരു വൈരുദ്ധ്യമായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ മനുഷ്യൻ തന്നെ ദൈവസർവശക്തിയുടെ ഒരു വെളിപാടായിട്ടാണു് നാം മനസ്സിലാക്കേണ്ടതു്. യിരമ്യാ പ്രവാചകനെ കുശവന്റെ വീട്ടിലേക്കു പറഞ്ഞയച്ചിട്ടു് ദൈവം അവനെ ഒരു സാധനപാഠം പഠിപ്പിച്ചു. "യിസ്രയേൽഗൃഹമേ ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്യുവാൻ കഴികയില്ലയോ......കളിമണ്ണു് കുശവന്റെ കൈയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കൈയിൽ ഇരിക്കുന്നു. (യിരമ്യാ 18; 6) ഇതേ ആശയം തന്നെയാണു് റോമർ 9. 20, 21—ം വാക്യങ്ങളിൽ കാണുന്നതു്. "അയ്യോ മനുഷ്യാ ദൈവത്തോടു് പ്രത്യുത്തരം പറയുന്ന നീ ആർ, മനഞ്ഞിരിക്കുന്നതു് മനഞ്ഞവനോടു് നീ എന്നെ ഇങ്ങനെ മനഞ്ഞിരിക്കുന്നതു് എന്നു ചോദിക്കുമോ."

ദൈവത്തിന്റെ സർവ്വശക്തിയിലുൾക്കൊള്ളുന്ന മററു ചില സ്വഭാവങ്ങൾ വിശുദ്ധവേദപുസ്തകത്തിൽ നിന്നു് പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടി ചില സൂചനകൾ താഴെ തരുന്നു.

1. അവൻ അക്ഷയനാകുന്നു. (റോമർ I: 23)
2. അവൻനിത്യനാകുന്നു (ആവർത്തനം 33. 7; സങ്കീ 90. 2. വെളി 4. 8—10)
3. അവൻ അമർത്യതയുള്ളവനാകുന്നു (1 തിമോ 1: 17. 6: 16;
4. അവൻ സർവ്വജ്ഞനാകുന്നു (സങ്കീ. 139. 1—6; സദൃശ്യ 5. 21; റോമ 16 26: 1 തിമോ 1. 17)
5. ദൈവം സർവ്വവ്യാപിയാകുന്നു (സങ്കീ. 139. 7: യിരമ്യാ 23. 23;
6. അവൻ മഹത്വ സമ്പൂർണ്ണനാകുന്നു (പുറപ്പാടു് 15. 11. (സങ്കീ 145 5; യെശയ്യ 6. 1—4
7. അവൻ അഗോചരനാകുന്നു (ഇയ്യോബ് 11. 7. 23, 8, 9. 37. 23; യെശയ്യാ. 40. 28; സങ്കീ. 145. 2 യോഹന്നാൻ 1. 18; 5. 37. റോമർ 11. 33. 1തിമോ 1. 17

"സൈന്യങ്ങളുടെ ദൈവമായ യഹോവാ" "സകലത്തിനും മതിയായ സർവ്വശക്തനായ ദൈവം" "ഇന്നലെയും ഇന്നും എന്നേക്കും യഥാവനായ ദൈവം" 'ആദ്യന്തവിഹീനനായ ദൈവം' എന്നിത്യാദി പല പര്യായപദങ്ങളിൽ ദൈവത്തിന്റെ സർവശക്തിയെ വി: വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു. അരയോപഗ കുന്നിൽ വി: പൗലൂസ്ശ്ലീഹാ പ്രസംഗിച്ചപ്പോൾ പറഞ്ഞ ഒന്നു രണ്ടു വാചകങ്ങൾ പ്രത്യേക ശ്രദ്ധാർഹങ്ങളാണ്. അജ്ഞാതദേവന്മാരെ സേവിച്ചുകൊണ്ടിരുന്ന അഥേനയിലെ പൗരന്മാരോട് യഥാർത്ഥ ദൈവത്തെക്കുറിച്ച് അറിയിക്കുവാൻ പൗലൂസ്ശ്ലീഹാ ഉപയോഗിച്ച വാചകങ്ങൾ സൂക്ഷിക്കുക. "ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായതുകൊണ്ടു കൈപ്പണിയായ ക്ഷേത്രത്തിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും കൊടുക്കുന്നവനാകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷികകൈകളാൽ ശുശ്രൂഷ അവശ്യപ്പെടുന്നതുമില്ല— അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു്". (അപ്പോ. പ്രവൃത്തി 17. 24—28വരെ വായിക്കുക.)

മനുഷ്യൻബലഹീനനും അവന്റെ അഗ്രഹനിവൃത്തിക്ക് ലോകം അപര്യാപ്തവും ആണെങ്കിലും സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസം അവനുണ്ടായാൽ ദൈവത്തോടുകൂടി സകലവും കഴിയുമെന്നുള്ള വിശ്വാസം അവന് ബലദായകമായിരിക്കും. ആദിമസഭയെ നിരാശയിൽ ധൈര്യപ്പെടുത്തിയതും ബലഹീനതയിൽശക്തീകരിച്ചതും വലിയ കാര്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ചതും ഈ വിശ്വാസമായിരുന്നു. മത്താ 19. 26. മർക്കോ. 9. 23; 10. 27. 14. 36. Lk 18. 27 മുതലായ വാക്യങ്ങൾ നോക്കിയാൽ മനുഷ്യനു് അസാദ്ധ്യമായതു് ദൈവത്തിനു് സാദ്ധ്യമാണെന്നും ദൈവത്തിനു് സകലവും കഴിയുമെന്നുമുള്ള സഭയുടെ വിശ്വാസം സ്പഷ്ടമായി കാണാം.

ഒരു മഹാരാജാവു ദാനമായി കൊടുത്ത ഒരു വലിയ തുകയ്ക്കുള്ള ചെക്കും കൈയ്യിൽ വച്ചുകൊണ്ടു ഭിക്ഷക്കാരനായി നടന്ന ഒരുവന്റെ കഥ കേട്ടിട്ടുണ്ടു്. ഇതുപോലെയാണ് സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറകയും വലിയ നല്ലകാര്യങ്ങൾ ചെയ്യുവാൻ മുതിരാതെയുമിരിക്കുന്ന ക്രിസ്ത്യാനികളായ നാം. ഭൂലോകവും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളതു് "യഹോവാ എനിക്കുള്ളവൻ, തന്മൂലം ഭൂലോകവും അതിന്റെ പൂർണ്ണതയും എനിക്കുള്ളതു്" എന്ന ധൈര്യത്തോടുകൂടി ആഴത്തിലേക്കു വല വീശുവാൻ ധൈര്യമുള്ളവരാകുവാൻ ഞാൻ സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന വിശ്വാസപ്രമാണം നമ്മെ സഹായിക്കേണ്ടതാണ്. പ്രിയ വായനക്കാരാ, നീ സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നുവോ? എങ്കിൽ നീ എന്തിനു വിഷാദിക്കുന്നു? സർവശക്തനായ ആ നിന്റെ പിതാവു നിനക്കു വേണ്ടി കരുതുന്നുണ്ടല്ലോ. "കർത്താവിൽ സന്തോഷിപ്പിൻ"

## സഭാസമാധാനം

(നെടുന്തള്ളി സ്കറിയാ
കോറെപ്പിസ്കോപ്പാ)

സ്തംഭനാവസ്ഥ, എന്ന ശീർഷകത്തിൽ കഴിഞ്ഞലക്കം വീക്കിലിയിൽ എഴുതിയിരുന്നമുഖപ്രസംഗം വായിച്ചു. അതിലെ താല്പര്യങ്ങൾ ശ്രദ്ധേയമാണ്. നമ്മുടെ സഭയുടെ വഴക്കിന്റെ കാരണം അറിയാവുന്നവർ ഇന്നു വളരെ ചുരുക്കമാണ്. ഏതായാലും നാല്പത്തഞ്ചുകൊല്ലത്തിൽ കൂടുതൽ വ്യവഹാരം നടത്തിയതു മതി. ഇനി സമാധാനപ്പെടാം എന്നു പറഞ്ഞു ഇരുഭാഗക്കാരും കൂടി അനേകനാൾ ആലോചിച്ചിട്ടും അവസാനിച്ചില്ലെന്നും രണ്ടു കാര്യം ശേഷിച്ചിരിക്കുന്നു എന്നും ഒറ്റപത്രമുഖേന അറിയുന്നതിനു സാധിച്ചിട്ടുണ്ടു്. ആ രണ്ടു കാര്യങ്ങളെപ്പറ്റി എനിക്കുള്ള അഭിപ്രായം താഴെ പ്രസ്താവിക്കുന്നു. പാത്രിയർക്കീസ് ബാവായും കാതോലിക്കാബാവായും തമ്മിൽ ഉണ്ടാകേണ്ട വ്യവസ്ഥയിൽ പറയേണ്ട വാചകമാണു ഞാനെഴുതുന്നതു്.

1 കാതോലിക്കാ സ്ഥാപനം

മലങ്കരയിൽ ഇന്നു നിലവിൽ ഇരിക്കുന്ന കാതോലിക്കാ സ്ഥാപനത്തെയും അതിൽ ആരൂഢനായിരിക്കുന്ന കാതോലിക്കായെയും പാത്രിയർക്കീസ് സ്വീകരിച്ചിരിക്കുന്നു.

2 കാതോലിക്കാ വാഴ്ച

കാതോലിക്കാ ബാവാ കാലം ചെയ്യുമ്പോൾ അന്നു മെത്രാപ്പോലീത്തന്മാരിൽ പ്രായം ചെന്ന ആൾ—കായ്മഖാൻ—"കാതോലിക്കാബാവാ കാലംചെയ്തു ആ സ്ഥാനത്തേക്കു ഒരാളെ വാഴിക്കേണ്ടിയിരിക്കുന്നതിനാൽ ബാവാ തിരുമനസ്സുകൊണ്ടു മലങ്കരയ്ക്കു എഴുന്നെള്ളി വാഴ്ച നടത്തിത്തരണം. വരുന്നതിനു ഏനമില്ലെങ്കിൽ മലങ്കരെ വാഴിക്കുന്നതിനു വിധത്തിൽ മറുപടി കല്പന അയക്കണം" എന്നു പാത്രിയർക്കീസ് ബാവായ്ക്കു എഴുതി അയക്കണം. നാലുമാസത്തിനകം ഇതു രണ്ടും ചെയ്യാത്തപക്ഷം മലങ്കര സുന്നഹദോസ് ഇവിടെ കാതോലിക്കായെ വാഴിക്കണം. ബാവാ മലങ്കരയ്ക്കു എഴുന്നെള്ളുന്നുണ്ടെങ്കിൽ അതിന്റെ ചെലവു മലങ്കര സഭ വഹിക്കണം.

ഈമാതൃകയിൽ തീരാത്ത വകുപ്പുകൾ തീർത്താൽ ഏതു ഭാഗത്തിനാണു മോശം ഭവിക്കുന്നതെന്നും സത്യത്തിനു വിരുദ്ധമെന്നും സന്ധി ആലോചനക്കാർ ചിന്തിക്കണം.

THE BANK OF NEW INDIA Ltd.

H. O. TRIVANDRUM

BOARD OF DIRECTORS:

Sri. K. George B. A., Trivandrum ( hairman)
,, E. J. hilipose B. A. B. L. Trivandrum.
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

## വാരപഞ്ചാംഗം

| | നവംബർ | തുലാം |
|---|---|---|
| ഞായർ | 31 | 14 |
| തിങ്കൾ | 1 | 15 |
| ചൊവ്വാ | 2 | 16 |
| ബുധൻ | 3 | 17 |
| വ്യാഴം | 4 | 18 |
| വെള്ളി | 5 | 19 |
| ശനി | 6 | 20 |

**Thought for the Week**

Faith is the perpectually defeated thing that survives all its conquerors.

G. K. Chesterton.

THE CHURCH WEEKLY

## പിന്നെയും ശങ്കരൻ തെങ്ങേൽ?

സുപ്രീംകോടതിയുടെ തീരുമാനം കഴിഞ്ഞു് സഭാസമാധാനാലോചനകൾ തകൃതിയായി നടന്നു. ജയിച്ചവരും തോററവരും രണ്ടുവിധത്തിലുള്ള വികാരങ്ങൾക്കധീനരായിരുന്നുവെങ്കിലും തരളിതമായ ഹൃദയങ്ങൾ ചില സൽപ്രേരണകൾക്കു് വിധേയമായി. എങ്ങനെയെങ്കിലും തങ്ങളെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്ന കേസുകൾ അവസാനിപ്പിക്കണമെന്നു് ഒരു ആഗ്രഹവും ആശയും പലരുടെയും ഹൃദയഭിത്തികൾ കവിഞ്ഞു് പ്രകടമായ ചില പ്രയത്നങ്ങളിൽ കൂടെ പുറത്തുവന്നു. കഴിവനുസരിച്ചുള്ള ചില ആലോചനകളും സമ്മേളനങ്ങളുമൊക്കെ നടന്നു. മൂന്നുനാലുമാസങ്ങൾ അങ്ങനെ കഴിഞ്ഞു. ഇപ്പോൾ ആലോചനകൾ സമാപിക്കുവാൻ പോകുകയാണു്. സി. എസ്. ഐ സഭയുടെ അദ്ധ്യക്ഷൻ തിരുമേനി ഇരുഭാഗത്തേയും മെത്രാപ്പോലീത്താ തിരുമേനിമാരെ വിളിച്ചു ഒരു കോൺഫറൻസു നടത്തി. മെത്രാപ്പോലീത്തന്മാർ എന്തൊക്കെയാണു് ആലോചിച്ചതെന്നു അറിക്കൂടാ. പിന്നീടു ഇരുഭാഗത്തെയും അത്മായനേതാക്കന്മാരെ ക്ഷണിച്ചു അദ്ദേഹം വീണ്ടും ആലോചനകൾ നടത്തി. രണ്ടു വ്യവസ്ഥകളൊഴിച്ചു ബാക്കിയുള്ള കാര്യങ്ങളിൽ യോജിപ്പിൽ എത്തിച്ചേർന്നുവെന്നും, പ്രസ്തുത രണ്ടു പ്രശ്നങ്ങളെ സംബന്ധിച്ചു വീണ്ടും കൂടിയാലോചിക്കുവാൻ നവംബർ 3, 4, 5 ഇതിൽ ഏതെങ്കിലും തീയതി സൗകര്യപ്പെടുത്തണമെന്നും തീരുമാനിച്ചു സമ്മേളനം പിരിഞ്ഞു. നവംബർ മൂന്നും, നാലും, അഞ്ചും തീയതികൾ അടുത്ത ആഴ്ചയിലാണു് വരുന്നതു്. 3—ാംതീയതി കേസിന്റെ അവധിയുമാണു്. അന്നു സമ്മേളനം നടത്തത്തക്കവണ്ണം കേസിന്റെ തീയതി മാററി കിട്ടുവാനുള്ള ശ്രമം നടക്കുന്നതായറിവില്ല. അത്രയധികം പ്രതീക്ഷകൾ സമ്മേളനത്തെപ്പററി ആലോചനയിൽ സംബന്ധിക്കുന്ന നേതാക്കന്മാർക്കുള്ളതായും കേട്ടില്ല. ബിഷപ്പ് ജയിക്കബ് തിരുമേനി ക്ഷണിച്ചതായതുകൊണ്ടു് എന്നെങ്കിലും ഒന്നുകൂടി, പിരിഞ്ഞേക്കാമെന്നുള്ള മര്യാദയിൽ കവിഞ്ഞുള്ള യാതൊരു പ്രാധാന്യവും പ്രതീക്ഷകളും നേതാക്കന്മാർക്കുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ പ്രത്യക്ഷമായതിൽ കൂടുതൽ ഉത്സാഹവും ഒച്ചപ്പാടും പ്രസ്തുതസമ്മേളനം സംബന്ധിച്ചു ദൃശ്യമാകുമായിരുന്നു. മഹാകവി കുമാരനാശാൻ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ “കരുണ” എന്ന കവിതയിൽ വെള്ളത്തിൽനിന്നു കയറി ഇളവെയിൽ കൊണ്ടുനിന്നിരുന്ന അരയന്നപ്പിട വീണ്ടും വെള്ളത്തിലേക്കു നടന്നിറങ്ങിപ്പോയ ഒരു വിവരണം അനുപമമായ കവിതാഭംഗിയിൽ വിവരിക്കുന്നുണ്ടു്.

കരപററിനിന്നു വീണ്ടും കുണുങ്ങി—
ത്തൻ കുളത്തിലേ—
ക്കരയന്നപ്പിടപോലെ നടന്നുപോയി:

ദുർവൃത്തയായ വാസവദത്ത ഉപഗുപ്തനായ സന്യാസിവര്യനോടു സ്വർഗ്ഗീയമായ പ്രേമപാശത്താൽ ബന്ധിതമായി അല്പസമയം സഖിയോടു് തന്റെ ഹൃദയവൈഷമ്യത്തെപ്പററി പറഞ്ഞുകൊണ്ടിരുന്നയവസരത്തിൽ ഒരു ലക്ഷപ്രഭു പണവുമായി കയറി വന്നപ്പോൾ ആ സ്ത്രീയുടെ സാധാരണജീവിതത്തിലേക്കു മടങ്ങിപ്പോയ സന്ദർഭമാണു് കവി വിവരിക്കുന്നതു്. കരപററി അല്പനേരം നിന്ന അരയന്നപ്പിട വീണ്ടും കേസ്കായലിലേക്കുനീങ്ങുകയാണെന്നു തോന്നുന്നു. ക്ഷണഭംഗുരമായ ചില നല്ല ആഗ്രഹങ്ങൾ അല്പനേരം സമുദായഹൃദയത്തെ ഒന്നു ചലിപ്പിച്ചു. 45 കൊല്ലം തഴമ്പിച്ച കേസ് ചേററിലേക്കുതന്നെ നടന്നുപോകുന്ന ഈ സന്ദർഭം ഹൃദയവ്യഥയോടു കൂടിയല്ലാതെ വീക്ഷിക്കുവാൻ സാധിക്കുന്നില്ല. കട്ടത്ത വിശ്വാസികൾക്കുമാത്രമെ കാർമേഘപടലങ്ങളാൽ ആവൃതമായ ഈ അന്തരീക്ഷത്തിൽ അപ്പുറത്തൊരു സൂര്യനുണ്ടെന്നു വിശ്വസിക്കുവാൻ സാധിക്കയുള്ളു. അങ്ങനെയുള്ള വിശ്വാസം തരണെയെന്നു സമുദായാംഗങ്ങൾ ഓരോരുത്തരും പ്രാർത്ഥിക്കുകയും, ആ മഹാസൂര്യൻ വീണ്ടും ഉദയം ചെയ്തു ഈ കാർമേഘങ്ങളെ പായിക്കുവാൻ കാത്തിരിക്കുകയും ചെയ്യുകയാണു് ഈ അവസരത്തിൽ ചെയ്യേണ്ടതു്. സമാധാനാലോചനകൾ നടത്തിയവരോടു സംസാരിച്ചാൽ ഉള്ള പ്രത്യാശയും കൂടെ പോകുന്ന അധൈര്യമാണു് ലഭിക്കുന്നതെന്നു തോന്നുന്നു. “ദൈവത്തിനു കഴിയാത്തതൊന്നുമില്ലെന്നു” ഒട്ടകം സൂചിക്കുഴിയിൽകൂടെ കടക്കുന്നതിനെക്കാൾ പ്രയാസമായ ഒരു കാര്യത്തെപ്പററി, പറഞ്ഞശേഷം യേശുക്രിസ്തു പ്രസ്താവിച്ചതായി ഓർക്കുന്നു. അങ്ങിനെ ദൈവത്തിനു കഴിയുന്നകാര്യമാണെന്നെങ്കിലും വിശ്വസിക്കാൻ സമുദായാംഗങ്ങൾ ഒരുങ്ങുമെങ്കിൽ അടുത്തയാഴ്ചകാററു മാറി വീഴുവാൻ ഇടയാകുമെന്നു ഞങ്ങൾ അനുസ്മരിപ്പിക്കുന്നു. അല്ലെങ്കിൽ ശങ്കരൻ വീണ്ടും തെങ്ങേൽ” എന്നു പറഞ്ഞതുപോലെ യാക്കോബായ സമുദായം വീണ്ടും സുപ്രീംകോടതിയിൽ എന്ന നിലയലേക്കു മാറും. ഈയിട കണ്ടനാട്ട് ഇടവകസംബന്ധിച്ചു ഒരു മെത്രാപ്പോലീത്താ മറെറാരു മെത്രാപ്പോലീത്തായുടെ പേരിലും ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ടു്. ഒരു മെത്രാപ്പോലീത്തായുടെ കൈവശമിരിക്കുന്ന ഏതാനും സ്വത്തുക്കൾ വിട്ടുകിട്ടാനാണു് കേസ്. ഇങ്ങനെ അടുത്ത സുപ്രീംകോടതി കഴിഞ്ഞാലും ഓരോ പള്ളിയിലും കേസു അഴിച്ചുവിടുന്ന ഒരു മഹാ [illegible]ാരണത്തിന്റെ വക്കിലാണു് നാം നിൽക്കുന്നതു്. അവിടെ നിന്നും ദൈവത്തിന്റെ കൈ നമ്മെ വീണ്ടെടുക്കുവാൻ നാം അനുവദിക്കുമൊ?

## മാർ പീലക്സിനോസ് തിരുമേനി

### ജനുവരി അവസാനം തിരിച്ചെത്തും

തിരുമേനി ഡിസംബർ 4—ാംനു-ന്യൂയോർക്കിൽ നിന്നും കപ്പൽ കയറി ഇംഗ്ളണ്ടിലേക്കുപോകുന്നതും അവിടെനിന്നും ക്രിസ്തുമസ്സിനു ശേഷം യാത്രപുറപ്പെട്ടു്, പാരീസ്, സ്വിററ്സർലണ്ടു്, ഇററലി, ഗ്രീസ്, ലബാനോൻ, യറുശേലം, ബഹ്റീൻ എന്നീ സ്ഥലങ്ങളിൽക്കൂടി സഞ്ചരിച്ചു ജനുവരി അവസാനത്തോടുകൂടി നാട്ടിൽ എത്തിച്ചേരുന്നതുമാണു്.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# പ്രാർത്ഥനാജീവിതത്തിൽ നമ്മെ വിസ്മയഭരിതരാക്കുന്ന രംഗങ്ങൾ

(എം. ററി.)

"ശീമോൻ വാതിലിൽ മുട്ടിക്കൊണ്ടിരിക്കയായിരുന്നു. അവർ പുറത്തുചെന്ന് അദ്ദേഹത്തെകണ്ടു വിസ്മയിച്ചു." (അപ്പോ: പ്രവൃത്തികൾ 12:16)

വിശ്വാസജീവിതത്തിൽ നമുക്കു വിസ്മയം ഉളവാക്കുന്ന വിവിധ അനുഭവങ്ങൾ ഉണ്ടാകും. അങ്ങനെയുള്ള ഒരനുഭവമാണ് നമ്മുടെ ചിന്താവിഷയം. ഹേരോദേസ് രാജാവ് ശീമോൻ പത്രോസിനെ തടവിലാക്കി. പീലാത്തോസ് നമ്മുടെ കർത്താവിനെ യഹൂദന്മാർക്കു ഏല്പിച്ചു കൊടുത്ത പ്രകാരം പത്രോസിനെയും പെസഹായ്ക്കുശേഷം ഏല്പിച്ചു കൊടുക്കണമെന്നായിരുന്നു ഹേരോദോസ് നിശ്ചയിച്ചിരുന്നത്. നിശ്ചിതദിവസത്തിന്റെ തലേരാത്രി പത്രോസ് ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു രണ്ടു പടയാളികളുടെ നടുവിൽ കാരാഗൃഹമുറിയിൽ ഉറങ്ങിക്കിടന്നിരുന്നു. അപ്പോൾ ഒരു ദൈവദൂതൻ പ്രത്യക്ഷനായി അത്ഭുതകരമായ വിധത്തിൽ പത്രോസിനെ ബന്ധനവിമുക്തനാക്കി. ഈ സമയത്തു വിശ്വാസികളായ സഹോദരന്മാർ മർക്കോസിന്റെ മാതാവായ മറിയാമിന്റെ ഭവനത്തിൽ വാതിലടച്ചിരുന്നു മുട്ടിപ്പായി പ്രാർത്ഥിക്കയായിരുന്നു എന്തിനായിട്ട്? പത്രോസിന്റെ മോചനത്തിനായി. പത്രോസ് പടിവാതിലിൽ മുട്ടി. അപ്പോൾ ബാല്യക്കാരി പടിവാതിൽക്കലെത്തി, ശബ്ദം കേട്ടു പത്രോസിനെ അറിഞ്ഞെങ്കിലും സന്തോഷാധിക്യം നിമിത്തം പടിതുറക്കുന്നതിനു മുമ്പേ തന്നെ തിരിച്ചോടി വിവരം സഹോദരന്മാരെ അറിയിച്ചു. അവർ ആദ്യം വിശ്വസിച്ചില്ല. എങ്കിലും പടിതുറന്നു പത്രോസിനെ കണ്ടപ്പോൾ അവർ വിസ്മയഭരിതരായിത്തീർന്നു. അവരുടെ വിസ്മയത്തിനുള്ള കാരണമെന്തായിരുന്നു എന്നു നാം ചിന്തിക്കേണ്ടതാണ്.

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വാർത്തകേട്ടപ്പോൾ ശിഷ്യന്മാരിലുണ്ടായ മനോഭാവവും ഇതുതന്നെ ആയിരുന്നു. സന്തോഷാധിക്യംകൊണ്ടാണ് അവർ വിശ്വസിക്കാഞ്ഞതെന്നു പറയാം. എളുപ്പത്തിൽവിശ്വസിക്കാവുന്ന വാർത്തകളല്ലല്ലോ ഇവ. എന്നാൽ ഇവിടെ നാം കാണുന്ന വിസ്മയത്തിനു ഒരു ഇരുണ്ട വശം കൂടിയുണ്ട്. പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുമ്പോൾ ഉണ്ടാകുന്ന വിസ്മയത്തിന്റെ അർത്ഥം നാം ചോദിച്ചതുദൈവം നൽകുമെന്നുള്ള പൂർണ്ണബോധ്യം ഇല്ലായിരുന്നു എന്നാണ്. വിശ്വാസത്തേക്കാൾ കൂടുതലായി ആഗ്രഹമായിരുന്നു പ്രാർത്ഥനയുടെ പിമ്പിൽ ഉണ്ടായിരുന്നതു് എന്നു പറയാം. പത്രോസിന്റെ വിടുതലിനായി സഹോദരന്മാർ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ ആവശ്യപ്പെട്ട കാര്യം ഇത്ര എളുപ്പത്തിൽ ദൈവം സാധിച്ചുകൊടുക്കുമെന്ന് അവർ വിചാരിച്ചില്ല. പലപ്പോഴും നമ്മുടെയും പ്രാർത്ഥനകൾ ഈ വിധത്തിലുള്ളവയല്ലയോ? എത്ര അസാദ്ധ്യമെന്നു തോന്നുന്ന കാര്യവും ദൈവത്തിനു സാദ്ധ്യമാണെന്നും ദൈവം പ്രാർത്ഥനയ്ക്കുത്തരം നൽകുമെന്നും നാം ഉറപ്പായി വിശ്വസിക്കുന്നുണ്ടോ? അതോ നമ്മുടെ പ്രാർത്ഥനകൾ വിശ്വാസരഹിതമായ ആഗ്രഹങ്ങൾ മാത്രമാണോ?

വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക പ്രയാസമായതുകൊണ്ട് നമ്മുടെ പ്രാർത്ഥനാവേളയിൽ വിശ്വാസത്തെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളേക്കുറിച്ചു ചിന്തിച്ചു് നമ്മുടെമനസ്സിനെഒരുക്കേണ്ട ആവശ്യമുണ്ട്. ഇങ്ങനെയുള്ള ഒരുക്കം പ്രാർത്ഥനയുടെ ഒരു പ്രധാനഘടകമാണ്. അപ്പോ. പ്രവൃത്തികൾ 4. 24—30 വായിച്ചാൽ ഇതിനൊരു നല്ല ഉദാഹരണം കാണാം. അവസാനത്തെ രണ്ടു വാക്യങ്ങളിൽ മാത്രമാണ് അപ്പോസ്തോലന്മാരുടെ പ്രാർത്ഥന അടങ്ങിയിരിക്കുന്നതു്. അതിനു മുമ്പുള്ള വാക്യങ്ങൾ പ്രാർത്ഥനയ്ക്കുള്ള ഒരുക്കമാണ്. മനസ്സിനെ യഥാസ്ഥാനപ്പെടുത്തുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യുവാൻ പശ്ചാപൂർവമായ കാര്യങ്ങളെ ഓരോന്നായി അനുസ്മരിച്ചു ധ്യാനിക്കുക എന്നുള്ളതു പ്രാർത്ഥനയുടെ ഒരു പ്രധാനഭാഗമാണ്.

ശിഷ്യന്മാർ വിസ്മയം പൂണ്ട മറ്റൊരു രംഗം വി. മർക്കോസിന്റെ സുവിശേഷത്തിൽ 9-ാം അദ്ധ്യായത്തിൽ കാണാം. മറുരൂപമലയിൽനിന്നും കർത്താവ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാരോടുകൂടി തിരിച്ചെത്തിയപ്പോൾ മറ്റു ശിഷ്യന്മാർ ഒരു വിഷമാവസ്ഥയിലെത്തിയതായി കാണപ്പെട്ടു. മൂകമായ ഒരാത്മാവു ബാധിച്ച ബാലനെ സുഖപ്പെടുത്തുവാനായി അവന്റെ പിതാവ് ശിഷ്യന്മാരെ സമീപിച്ചു. അവർക്കു സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. അവരുടെ അപ്രാപ്തിയിൽ അവർക്കു ആശ്ചര്യം തോന്നി. രോഗശാന്തിക്കുള്ള വരം നൽകിയാണ് കർത്താവുതന്റെശിഷ്യന്മാരെസുവിശേഷപ്രചരണത്തിനായിപറഞ്ഞയച്ചതു്. അവർ കർത്താവിന്റെ വാഗ്ദാനപ്രകാരം പലരെയും മുമ്പു സുഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ ബാലന്റെ കാര്യത്തിൽ അവർ പരാജയപ്പെട്ടു. പരാജയത്തിനുള്ള കാരണം അവരുടെ വിശ്വാസക്കുറവായിരുന്നു. വേണ്ടത്ര വിശ്വാസം അവർക്കില്ലാതെപോയി. അവരുടെ പരാജയത്തിൽ അവർക്കുണ്ടായ വിസ്മയം ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്: വിശ്വാസം തീരെ ക്ഷയിച്ചുപോയില്ലെന്നും വിശ്വാസം അടിസ്ഥാനമാക്കി ജീവിക്കുവാനും പ്രവർത്തിക്കുവാനും അവർ ഇനിയും ആഗ്രഹിച്ചിരുന്നു എന്നും. നമ്മുടെ പരാജയത്തിൽ നമുക്കു വിസ്മയം തോന്നുന്നതു നല്ല ലക്ഷണമാണ്. നമ്മുടെ വിശ്വാസം നശിച്ചിട്ടില്ലെന്നാണ് അതു തെളിയിക്കുന്നതു്. നേരേമറിച്ചു പരാജയം നമ്മിൽ വിസ്മയം ഉളവാക്കുന്നില്ലെങ്കിൽ നമ്മുടെ അവസ്ഥ അപകടകരമാണ്.

ശിശുവായ യേശുവിനെ ദേവാലയത്തിൽ സമർപ്പിപ്പാൻ ചെന്നപ്പോൾ ശിമോൻ പറഞ്ഞ കാര്യങ്ങൾ വിശുദ്ധ മാതാവിനെ വിസ്മയിപ്പിച്ചു. (വി. ലൂക്കോസ് 2: 33) ഇവിടെ കാണുന്ന വിസ്മയം അവിശ്വാസത്തിന്റെയോ വിശ്വാസക്കുറവിന്റെയോ ലക്ഷണമല്ല. തന്റെ ശിശു ഒരത്ഭുതശിശുവാണെന്നു മാതാവു കൂടി അറിഞ്ഞിരുന്നു. എങ്കിലും ശിമോന്റെ വചനങ്ങൾ അവളിൽ അത്ഭുതം ഉളവാക്കി. ദൈവത്തിന്റെ അത്ഭുതകരമായ വ്യാപാരങ്ങളെയും നമ്മോടുള്ള സ്നേഹാധിക്യത്തെയും കുറിച്ചു വീണ്ടും വീണ്ടും നാം വിസ്മയഭരിതരായിത്തീരുന്നതു വിശ്വാസക്കുറവിന്റെ ലക്ഷണമല്ല; പ്രത്യുത ദൈവകൃപയുടെ അനുഭവസമൃദ്ധിയുടെ ഒരു ലക്ഷണമാണ്. നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ ഇപ്രകാരമുള്ള വിസ്മയത്തിനു എപ്പോഴും സ്ഥാനമുണ്ട്. എന്നാൽ ആദ്യം കണ്ടതുപോലെയുള്ള വിസ്മ

യുവജനപംക്തി. 4

# വേദപുസ്തകവും സഭയും

ഇതേവരെയും വേദപുസ്തകം മനസ്സിലാക്കുവാൻ സഭയുടെ ആവശ്യം എത്രമാത്രമുണ്ടെന്നാണു നാം പറഞ്ഞുകൊണ്ടിരുന്നതു്. അതുപോലെ തന്നെ സഭയുടെ നില നില്പിനും ആത്മിക ചൈതന്യം പരിരക്ഷിക്കുന്നതിനും വേദപുസ്തകം അത്യന്താപേക്ഷിതമാണു്. യേശുക്രിസ്തു തന്നെ പരീക്ഷാഘട്ടങ്ങളിൽ ശക്തിപ്പെടുത്തുന്നതിനായി വേദപുസ്തകഭാഗങ്ങൾ ഉപയോഗിച്ചിരുന്നു. സാത്താനെ താൻ ജയിക്കുന്നതു് വേദപുസ്തകത്തെ ആശ്രയിച്ചാണു്. ക്രൂശിന്മേൽ കഷ്ടതയനുഭവിച്ചപ്പോൾ തനിക്കു ആശ്വാസം നൽകിയതു താൻ ധ്യാനിച്ചുകൊണ്ടിരുന്ന വേദഭാഗങ്ങളാണു്. ആദിമസഭയും വേദപുസ്തക വാക്യങ്ങളെ ആശ്രയിച്ചിരുന്നുവെന്നു നാം കാണുന്നു. അപ്പോസ്തോല പ്രവൃത്തികളിലും പൗലൂസിന്റെ എഴുത്തുകളിലും പഴയനിയമത്തിൽനിന്നുമുള്ള ഉദ്ധരണികൾ ധാരാളമുണ്ടു്. തങ്ങളുടെ കഷ്ടപ്പാടുകളിലും എതിരാളികളോടുള്ള പോരാട്ടത്തിലും അപ്പോസ്തോലന്മാർക്കു് അവ വളരെ പ്രയോജനം ചെയ്തിരുന്നു. അവരുടെ ജീവിതത്തെ ശോധന ചെയ്യുന്നതിനും ക്രമപ്പെടുത്തുന്നതിനും അവ സഹായകമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ വിവിധതരത്തിൽ ആദിമസഭയുടെ ജീവിതത്തിൽ വേദപുസ്തകം ഒരു വലിയ പങ്കു വഹിച്ചിരുന്നുവെന്നു കാണാവുന്നതാണു്.

സഭയുടെ പിന്നീടുള്ള ചരിത്രത്തിലും ഇതു തുടർന്നുകൊണ്ടിരുന്നു. എപ്പോഴെങ്കിലും സഭാചരിത്രത്തിൽ ഒരു പുതിയ ജീവനും അഭിവൃദ്ധിയും കാണുന്നുണ്ടെങ്കിൽ അതു വേദപുസ്തകത്തിന്റെ അർത്ഥം പുതുതായി മനസ്സിലാക്കിയതുകൊണ്ടാണെന്നു കാണ്മാൻ കഴിയും. ഇന്നും നമ്മുടെ സഭയിൽ നവജീവനും അഭിവൃദ്ധിയും വളർച്ചയും ഉണ്ടാകണമെങ്കിൽ വേദപുസ്തകം ശരിയായി പഠിക്കുകയും ഇന്നത്തെ പരിതസ്ഥിതിക്കനുസരണമായി അതിന്റെ അർത്ഥം മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണു്. ക്രിസ്തു തന്നെ മൂലക്കല്ലായി അപ്പോസ്തോലന്മാരും പ്രവാചകന്മാരുമെന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയുടെ എല്ലാ വിശ്വാസതത്വങ്ങളും പരിശോധിക്കുവാനുള്ള ഉരകല്ലാണു് വേദപുസ്തകം. ആദിമസഭയിലുള്ള അംഗങ്ങളെല്ലാവരും വേദപുസ്തകം വളരെ നിശ്ചയമുള്ളവരായിരുന്നു. ഇന്നു് എല്ലാ ആളുകളും വേദപുസ്തകജ്ഞാനമുള്ളവരായി ഏതെങ്കിലും പള്ളിയുണ്ടോയെന്നു സംശയമാണു്. സഭാചരിത്രം പരിശോധിച്ചാൽ എപ്പോഴെല്ലാം മാതൃഭാഷയിലേക്കു വേദപുസ്തകം പരിഭാഷപ്പെടുത്താതെയും പട്ടക്കാരും ജനങ്ങളും പഠിക്കാതെയും ഇരുന്നിട്ടുണ്ടോ, അപ്പോഴെല്ലാം പല തരത്തിലുള്ള ദുരുപദേശങ്ങൾ സഭയിൽകടന്നുകൂടുകയും അന്ധവിശ്വാസങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുള്ളതായി കാണ്മാൻ കഴിയും. അതുകൊണ്ടു വ്യക്തികളുടെ ആത്മിക വളർച്ചക്കും സഭയുടെ ആരോഗ്യകരമായ നിലനില്പിനും വേദപുസ്തകപഠനം അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കാം.

ഇതു സഭയുടെ പുസ്തകമെന്ന നിലയിൽ സഭയുടെ കൂട്ടായ്മയിൽ അതിന്റെ നന്മക്കുവേണ്ടി വായിക്കുന്നുവെങ്കിൽ ഭയഭക്തിയോടെ നാമതു വായിക്കേണ്ടതാണു്. ഇതൊരു വിശുദ്ധ പുസ്തകമാകയാൽ ബുദ്ധിപരമായും വിശകലനം ചെയ്തും നാമതു പഠിക്കുന്നമൂലം അതിനോടുള്ള ഭക്തി കുറഞ്ഞുപോകുവാൻ ഇടയാകരുതു്. എന്നാൽ വളരെ ഭക്തിയോടേ നമ്മുടെ തലയണയുടെ കീഴിൽ സൂക്ഷിച്ചതുകൊണ്ടും പ്രയോജനമൊന്നും ഉണ്ടാകയില്ല. അന്ധവിശ്വാസംമൂലം ചിലരെല്ലാം അങ്ങനെ ചെയ്യാറുണ്ടെങ്കിലും ക്രിസ്തീയ വിശ്വാസം അതല്ല. വേദപുസ്തകം തുറന്നു വായിച്ചു പഠിച്ചശേഷം അതിനനുസരണമായി നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോൾ മാത്രമേ അതു പ്രയോജനകരമായിത്തീരുകയുള്ളു. ചില വേദഭാഗങ്ങളെഴുതി, ഓതിക്കെഴുത്തിൽ കെട്ടിക്കൊണ്ടു നടക്കുന്ന ചില ഹിന്ദുക്കളെപ്പോലെ നാമും വേദപുസ്തകത്തെ ഗണിക്കുന്നുവെങ്കിൽ അതു കഷ്ടമാണു്.

അതുപോലെ തന്നെ നമുക്കു ചില പ്രത്യേക അറിവുകൾ തരുവാൻമാത്രമുള്ള ഒരു പുസ്തകമല്ല. വേദപുസ്തകം ഓരോ കാലത്തും പുതിയ പുതിയ ആശയങ്ങൾ നമുക്കു തരുവാൻ കഴിയുന്ന വലിയ ഒരു നിധിയായി നാമതിനെ മനസ്സിലാക്കണം. രണ്ടായിരം വർഷങ്ങൾക്കു മുൻപു് ആളുകൾ അതിൽനിന്നും മനസ്സിലാക്കിയിരുന്നതിനേക്കാൾ വളരെയധികം കാര്യങ്ങൾ ഇന്നു അതിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്. ഒരു കാര്യം നാം അറിഞ്ഞിരിക്കണം. ദൈവവും മനുഷ്യനുമായുള്ള ആത്മീയ ബന്ധം കാണിക്കുന്നതിനാണു് വേദപുസ്തകം എഴുതിയിട്ടുള്ളതു്. ശാസ്ത്രീയകാര്യങ്ങൾ ശരിയായി പഠിപ്പിക്കയെന്നുള്ളതു് ഈ പുസ്തക കർത്താക്കളുടെ ഒരു ആവശ്യമോ ചിന്തയോ അല്ലായിരുന്നു. അവർ ജീവിച്ചിരുന്ന കാലത്തു ലോകത്തെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചും മറ്റും ലഭിച്ചിരുന്ന ശാസ്ത്രീയജ്ഞാനം അവരും സ്വീകരിച്ചു രേഖപ്പെടുത്തിയിരിക്കുന്നുവെന്നല്ലാതെ അതു ശരിയോ തെറ്റോ എന്നു പരിശോധിക്കേണ്ടതു അവരുടെ ഒരു പ്രശ്നമല്ലായിരുന്നു. ആ ഉദ്ദേശത്തോടുകൂടിയല്ലല്ലോ അവർ പുസ്തകരചന നടത്തിയതു്. ഈ പരമാർത്ഥം ഗ്രഹിച്ചുകൊണ്ടുവേണം ഉല്പത്തിപുസ്തകത്തിന്റെ ആദ്യഭാഗങ്ങളും വേദപുസ്തകത്തിലെ ഇതരഭാഗങ്ങളും ശാസ്ത്രീയജ്ഞാനത്തിനു അനുയോജ്യമാണോയെന്നു നാം പരിശോധിക്കുവാൻ.

വേദപുസ്തകപഠനം പ്രാർത്ഥനയോടുകൂടിവേണം നാം ആരംഭിക്കുവാൻ. മൂലഗ്രന്ഥകാരന്മാർക്കു പ്രചോദനം നൽകിയ അതേ ആത്മാവുതന്നെ അവരെഴുതിയിട്ടുള്ളകാര്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു പ്രചോദനം നൽകേണമേയെന്നു നാം പ്രാർത്ഥിക്കണം. വേദപുസ്തകപഠനം ഭക്തിപരമായ ധ്യാനത്തിലേക്കു നമ്മെ നയിക്കണം. ഏകാന്തതയിൽ ദൈവത്തോടൊന്നിച്ചു കഴിച്ചുകൂട്ടുമ്പോഴാണു് നൂതനങ്ങളായ പല ആശയങ്ങളും നമുക്കു വെളിവായി വരുന്നതു്. അങ്ങനെ നമ്മുടെ മനസ്സുകൾ പ്രകാശിപ്പിക്കപ്പെടുമ്പോൾ നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനു അതു സഹായിക്കും.

ചോദ്യങ്ങൾ. 1) സഭയുടെ നിലനില്പിനും വളർച്ചക്കും വേദപുസ്തകം അത്യന്താപേക്ഷിതമാണോ? വേദപുസ്തകം എന്നൊന്നില്ലായിരുന്നെങ്കിലും സഭ ഇന്നുകാണുന്നവിധം പുരോഗമിക്കയില്ലായിരുന്നോ?

---

യം—അതായതു നമ്മുടെ വിശ്വാസരാഹിത്യത്തെയോ വിശ്വാസക്കുറവിനെയോ സൂചിപ്പിക്കുന്ന തരത്തിലുള്ള വിസ്മയം നമുക്കു സഹായകരമല്ല. പ്രാർത്ഥനക്കുത്തരം ലഭിക്കുമ്പോൾ വിസ്മയമല്ല കൃതജ്ഞതയാണു നമുക്കുണ്ടാകേണ്ടതു്, ദൈവത്തിന്റെ വാഗ്ദാനങ്ങളെ സ്വീകരിച്ചു അവയ്ക്കനുസരണമായി ജീവിക്കുവാൻ ദൈവം നമുക്കു കൃപനൽകട്ടെ.

# വേദവായനക്കുറിപ്പുകൾ

## (ഗലാത്യലേഖനം)

തിങ്കൾ ഗലാ: 4: 1–7

മൂന്നാമദ്ധ്യായത്തിലാരംഭിച്ച സുവിശേഷ വിശദീകരണം ഈ അദ്ധ്യായത്തിലും തുടർന്നുകൊണ്ടു പോവുകയാണ്. ന്യായപ്രമാണം ഇസ്റായേൽ ജനതയുടെ അച്ചടക്കത്തിനു വേണ്ടിയാണ് നൽകപ്പെട്ടിട്ടുള്ളതു്, പ്രായപൂർത്തി വരുമ്പോൾ, ബാലന്മാർക്കുള്ള നിയമങ്ങളിൽ നിന്നും ദൈവത്തിന്റെ ജനത സ്വതന്ത്രരാകുന്നു. അവർ ഭവനകാര്യങ്ങളിൽ യഥാർത്ഥ പങ്കുകാരായിത്തീരുന്നു എന്നുള്ളതാണ് പ്രധാനമായ ആശയം:

യേശുക്രിസ്തുവിന്റെ മനുഷ്യവതാരത്തോടെ നൽകപ്പെട്ട സുവാർത്ത, പ്രായപൂർത്തിയുള്ള ദൈവപുത്രന്മാരായിത്തീരുവാൻ ദൈവം ക്രിസ്തുമൂലം നമ്മെ വിളിയ്ക്കുന്നു എന്നുള്ളതാണ്. ഇസ്റായേൽ ജനത ഇപ്രകാരമുള്ള പുത്രസ്വീകരണത്തിന്നവകാശികളായിത്തീരുന്നുവെങ്കിലും പ്രായപൂർത്തി വരുന്നതു വരെ(ക്രിസ്തുവിന്റെ മനുഷ്യാവതാരകാലംവരെ) നിയമമാകുന്ന അച്ചടക്കപാലകന്മാർക്കും രക്ഷാകർത്താക്കൾക്കും വിധേയരായിരുന്നു. ഭവനത്തിലെ ദാസന്മാരെക്കാൾ വളരെയധികം അധികാരമൊന്നും അവർക്കില്ലായിരുന്നു.

ഇനി മേൽ നാം പുത്രരാണ്. ദാസരല്ല. നിയമങ്ങളുടേയും ബാഹ്യചാരങ്ങളുടേയും കീഴിൽ വളരേണ്ടുന്നവരല്ല; ഉത്തരവാദിത്വബോധത്തോടുകൂടെ നമ്മുടെ പിതാവിന്റെ ഹിതമേതെന്നറിഞ്ഞ് അതിനെ പ്രവർത്തിക്കുവാൻ സ്വമനസ്സാലെ ഉത്സാഹിക്കുന്നവരല്ലേ നാം.

ഓരോ ക്രൈസ്തവനും അതെ, നാം ഓരോരുത്തരും നമ്മുടെ പിതാവിന്റെ ഹിതമറിഞ്ഞ് അതനുസരിച്ച് ഉത്തരവാദിത്വബോധത്തോടെ നമ്മുടെ ജീവിതത്തെ നയിച്ചിരുന്നെങ്കിൽ.

ചൊവ്വാ ഗലാ: 4. 1–7 (തുടർച്ച)

4:6. 'അബാ' എന്ന പദം യേശുതമ്പുരാനും അക്കാലത്തെ യഹൂദന്മാരും സംസാരിച്ചിരുന്ന അറമായ ഭാഷയിലുള്ള പദമാണ്. അവർക്ക് ആ വാക്ക് നമുക്ക്, 'അപ്പച്ചാ' എന്നോ 'അപ്പാ' എന്നോ ഉള്ള വാക്കിനു സമമാണ്. 'അപ്പാ' എന്ന വാക്കുതന്നെ അറമായയിൽനിന്നും സുറിയാനിയിൽക്കൂടി നമുക്കു കിട്ടിയിട്ടുള്ള 'അബാ' എന്ന വാക്കിന്റെ മലയാളീകരണമാണെന്നു തോന്നുന്നു. ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവും സ്വർഗ്ഗവാസികളും ഭൂവാസികളും തന്നെ വന്ദിച്ചാരാധിയ്ക്കുന്നവനുമായ പരാക്രമ ശാലിയും സർവശക്തനുമായ ദൈവത്തെ 'അപ്പച്ചാ' എന്നു വിളിക്കാനുള്ള സ്ഥാനമാണ് യേശുക്രിസ്തുവിലുള്ള പുത്രസ്വീകാരം മൂലം നമുക്കോരോരുത്തർക്കും ലഭിച്ചിട്ടുള്ളതു്. തന്നാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സർവ ചരാചരങ്ങളുടേയും മേലുള്ള അവകാശമാണ് ക്രിസ്തുയേശുവിൽ നമുക്കു നൽകപ്പെട്ടിട്ടുള്ളതു്. (എഫേ. സ്വാ. 1. 10–11)

ഇങ്ങനെ തന്റെ മഹാകാരുണ്യത്തിനും അഗാധസ്നേഹത്തിനും പാത്രമായിട്ടുള്ളവരാണ് അനർഹരായ നാം. അപ്പോൾ എങ്ങിനെയാണ് പുത്രത്വത്തിന്റെ സുവിശേഷത്തിൽ കൂടെ ദാസത്വത്തിന്റെ നിയമംകൂടി കെട്ടിയേല്പിക്കുവാൻ അവശ്യം വരുന്നതു്? തന്റെ അത്ഭുതാവഹമായ കൃപയുടെ ആഴത്തെ അറിഞ്ഞു, കൃതജ്ഞഹൃദയങ്ങളോടെ ഉത്തരവാദിത്വമുള്ള പുത്രീപുത്രന്മാരായി, തന്റെ ഹിതമറിഞ്ഞു പ്രവർത്തിപ്പാനുള്ള കൃപ ദൈവം നമുക്കോരോരുത്തർക്കും നൽകട്ടെ.

ബുധൻ ഗലാ: 4. 8—11

അടിമത്വമില്ലാതെ ജീവിയ്ക്കുവാൻ മനുഷ്യനു് സാദ്ധ്യമല്ല. കീഴ്പ്പെട്ടിരിക്കുവാൻ വേണ്ടി സൃഷ്ടിയ്ക്കപ്പെട്ടിട്ടുള്ളവരാണ് നാം. പക്ഷേ, അങ്ങിനെ കീഴ്പ്പെടുന്നതു് സ്രഷ്ടാവിനു് മാത്രമായിരിക്കണം. അപ്പോഴാണ് നമുക്കു യഥാർത്ഥസ്വാതന്ത്ര്യമുണ്ടാകുന്നതു.

എന്നാൽ ദൈവാനുസരണത്തിൽനിന്നും നാം ഇൻകലാബ് പാടി പുറത്തിറങ്ങുമ്പോൾ മറ്റു ശക്തികൾക്കു് നാം അടിമയായിത്തീരുന്നു. നാം സ്വതന്ത്രരാണെന്നു അഭിമാനിക്കുന്നുവെങ്കിലും ഭയത്തിന്റെയും ആകാംക്ഷയുടേയും കോപത്തിന്റെയും ക്രൂരതയുടേയും പാപത്തിന്റെയും നിയമത്തിന്റെയും അടിമകളാണ് നാം. യഥാർത്ഥത്തിൽ ജഡമോഹം, ദ്രവ്യാഗ്രഹം, മനുഷ്യപ്രശംസാകാംക്ഷ ഇവകളായിത്തീരുന്നു നമ്മുടെ ദൈവങ്ങൾ.

യഥാർത്ഥ ദൈവാശ്രയം ഇവയിൽനിന്നു നമ്മെ വിമുക്തരാക്കുന്നു. യേശുക്രിസ്തുവിൽ നമുക്ക് നൽകപ്പെട്ടിട്ടുള്ള ദിവ്യകാരുണ്യംമൂലം, നമ്മുടെ പാപങ്ങൾ മോചിക്കപ്പെട്ട് നാം ദൈവമക്കളായിത്തീർന്നിരിക്കുന്നുവെന്ന ബോധം പരമാർത്ഥമായി നമുക്കുണ്ടാകുമ്പോൾ ഭാവിയെക്കുറിച്ചുള്ള ഭയാശങ്കകളൊക്കെ നശിച്ചിട്ട്, ആകാംക്ഷയിൽനിന്നു ലൗകികമായുള്ള ഭദ്രതയെ തേടുവാനുള്ള ആജീവനാന്ത ശ്രമത്തിൽനിന്നും നാം വിമുക്തരാകുന്നു.

അതുകൊണ്ടാണ് യഹൂദരുടെ പെരുന്നാൾ ദിവസങ്ങളും നോമ്പുകളും ആചരിക്കുന്നതിനെ പരിശുദ്ധശ്ളീഹാ എതിർക്കുന്നത്. ഇതൊന്നും കുറ്റകരമായതുകൊണ്ടല്ല, പക്ഷേ ഒന്നാമതു് ന്യായപ്രമാണത്തിലെ സകല നിയമങ്ങളും ഗലാത്യ ക്രിസ്ത്യാനികളുടെ തലയിൽ കെട്ടിവെയ്ക്കുന്നതിനുള്ള ഒരു പ്രാരംഭമായി വി: പൌലൂസ് ഇതിനെ കണ്ടു. രണ്ടാമതു് ഈ ബാഹ്യാചാരങ്ങൾമൂലമാണ് നമുക്കു രക്ഷയുണ്ടാകുന്നതു് എന്നു ക്രിസ്ത്യാനികൾക്കു തോന്നിപ്പോയാൽ, പിന്നെ സത്യസുവിശേഷം നശിച്ചുപോകുകയും ചെയ്യുമല്ലൊ എന്നാണ് ശ്ളീഹായുടെ ചിന്ത.

വ്യാഴം ഗലാ: 4. 12—20.

ശാസനയിൽനിന്നും കുറെക്കൂടി സ്നേഹപൂർവമായ അഹ്വാനങ്ങളിലേയ്ക്കു പ്രവേശിക്കുകയാണ് വി: ശ്ളീഹാ. തന്റെ വാത്സല്യഭാജനങ്ങളായ ഗലാത്യക്രിസ്ത്യാനികൾ സുവിശേഷത്തെ വിട്ടിട്ട് ബാഹ്യാചാരങ്ങളുടെ ബന്ധനത്തിലേയ്ക്കു് പോകുന്നതു കാണുമ്പോൾ കോപത്തോടൊപ്പം സങ്കടവുമുണ്ടാകുന്നതു് സ്വാഭാവികമാണല്ലൊ.

ന്യായപ്രമാണത്തിന്നധീനരായി ജീവിച്ചുവന്നിരുന്ന ഗലാത്യരോട്ട് താൻ പറയുന്നു: "നിങ്ങളെപ്പോലെ ന്യായപ്രമാണത്തിന്നധീനനായിരുന്നല്ലൊ ഞാനും. ഇപ്പോൾ ന്യായപ്രമാണത്തോട്ട് എനിക്കുള്ള മനോഭാവത്തെ നിങ്ങളും സ്വീകരിക്കണമേ. നിങ്ങളെന്നോട്ട് യാതൊരു അന്യായവും പ്രവർത്തിക്കാതെ എനിക്ക് പ്രയാസമുണ്ടായിരുന്നപ്പോൾ സ്നേഹപൂർവം എന്നെ പരിചരിച്ചിട്ടുള്ളവരാണല്ലൊ. നിങ്ങളുടെ കണ്ണ് ചൂന്നെടുത്തു എനിക്കു തരുവാനുള്ള സ്നേഹം നിങ്ങൾക്കുണ്ടെന്നെനിയ്ക്കറിയാം. അപ്പോൾ പിന്നെ ഞാൻ നിങ്ങളോട്ട് ഈ പറയുന്നതു് നിങ്ങളുടെ ഗുണത്തിനാണെന്നു നിങ്ങൾക്കു മനസ്സിലാക്കരുതോ. നിങ്ങളെ വഴിതെറ്റിച്ച് ന്യായപ്രമാണത്തിന്റെ ദാസ്യത്തിലേയ്ക്കു് നിങ്ങളെ നയിക്കുന്ന ഈ പുതിയ ഉപദേശികളുടെ ഉദ്ദേശം, നിങ്ങൾ അവരേക്കാൾ ആത്മീയമായി താ

---

2) വേദപുസ്തകത്തെ നാം യഥാർത്ഥമായി ബഹുമാനിക്കയും ഉപയോഗിക്കയും ചെയ്യേണ്ടതെങ്ങിനെ?

3) ലോക സൃഷ്ടിയെക്കുറിച്ച് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതോ സ്കൂളുകളിൽ പഠിക്കുന്നതോ ഏതാണു ശരി? രണ്ടാമത്തേതാണെങ്കിൽ വേദപുസ്തകത്തെ ആശ്രയിച്ചു നമുക്കു ജീവിക്കാമോ?

ഴ്ന്നവരാണ് (ന്യായപ്രമാണത്തെ അവർ മാത്രമല്ലേ അനുസരിക്കുന്നുള്ളു.) എന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്തി നിങ്ങളെ അടിമപ്പെടുത്തുവാനാണ് എന്നു നിങ്ങൾ ധരിയ്ക്കണമേ. എനിയ്ക്കു നിങ്ങളെ മുഖത്തോടു മുഖം കണ്ടു് ഈ കാര്യങ്ങൾ പറയണമെന്നു വലിയ ആഗ്രഹമുണ്ടു് അത്രയ്ക്കുണ്ടു് എന്റെ മനോവേദന"

നാമും നമ്മുടെ വഴിപാടുകൾകൊണ്ടു പെരുന്നാളാചരണങ്ങളെക്കൊണ്ടും മാത്രം ദൈവത്തെ പ്രീണിപ്പിയ്ക്കാമെന്നും ദൈവത്തിൽനിന്നും നല്ല കാര്യങ്ങൾ കൈക്കൂലികൊടുത്തു വാങ്ങാമെന്നും ചിന്തിക്കുമ്പോൾ ശ്ലീഹായുടെ ഈ വചനങ്ങൾ നമ്മെ നേർവഴി കാണിക്കട്ടെ.

വെള്ളി. ഗലാ: 4: 12–20 (തുടർച്ച)

ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ഗലാത്യ ക്രിസ്തീയരുടെ ഹൃദയങ്ങളിൽ ഉരുവാകുവാൻ വേണ്ടി പ്രസവ വേദനപോലുള്ള തീവ്ര വ്യഥയോടു് കൂടിയാണ് പരിശുദ്ധ ശ്ലീഹാ ആഗ്രഹിക്കുന്നതു്.

വായനക്കാരുടെ കൂട്ടത്തിൽ, സഭാപുരോഹിതന്മാരായോ, സൺഡേസ്കൂൾ അദ്ധ്യാപകന്മാരായോ, കുടുംബ നാഥന്മാരായോ, മറ്റേതെങ്കിലും വിധത്തിലോ ആത്മീയ നേതൃത്വം വഹിക്കുന്നവരായിട്ടുള്ളവരേ, നിങ്ങളുടെ ഉത്തരവാദിത്വത്തിൽ ദൈവം തന്നിട്ടുള്ള മനുഷ്യ ഹൃദയങ്ങളിൽ ക്രിസ്തു ഉരുവാകുവാൻ നിങ്ങൾ മനോവേദനയോടെ പ്രാർത്ഥിയ്ക്കുകയും സർവശക്തികളോടും കൂടെ പ്രവർത്തിയ്ക്കുകയും ചെയ്യുന്നുണ്ടോ?

ഉപദേശം മൂലവും ശാസന മൂലവും അപേക്ഷ മൂലവും, ജീവിത ദൃഷ്ടാന്തം മൂലവും ക്രിസ്തുവിനെ മനുഷ്യ ഹൃദയങ്ങളിലുരുവാക്കുകയാണ് നാമോരോരുത്തരുടെയും ജീവിത ചുമതല. അതിന്നു് ആദ്യമായി ക്രിസ്തു നമ്മുടെ ഹൃദയത്തിൽത്തന്നെ ഉരുവാകണം. നൊയമ്പു നോറ്റതു കൊണ്ടും സന്ധ്യയ്ക്കും രാവിലെയും പ്രാർത്ഥന ചൊല്ലിയതു കൊണ്ടും ഞായറാഴ്ച രാവിലെ പള്ളിയിൽ പോയതുകൊണ്ടും മാത്രം ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വരുകയില്ല. നമ്മുടെ ജീവിതത്തെ മുഴുവൻ തനിക്കു് ബലിയായി സമർപ്പിച്ചു്; തന്നെ നമ്മുടെ നാഥനായി, നമ്മുടെ കുടുംബത്തിന്റേയും ധനത്തിന്റേയും സമയത്തിന്റേയും ശക്തിയുടേയും നാഥനായി, നാം സ്വീകരിക്കുകയാണാദ്യമായി ആവശ്യമായിട്ടുള്ളതു്.

ശനി. ഗലാ: 4: 21–31

അവസാനത്തെ വാദമുഖമായി ശ്ലീഹാ ഉന്നയിക്കുന്നതു്, ന്യായപ്രമാണത്തിന്റെ തന്നെ പ്രസ്താവനയാണ്. അബ്രഹാമിന്റെ ആദ്യപുത്രനായ ഇശ്മായേൽ ഹാഗാർ എന്ന ദാസിയിൽ നിന്നും ഉളവായവനാകയാൽ അബ്രഹാമിന്നു് ദൈവം നല്കിയ വാഗ്ദത്തങ്ങൾക്കവകാശിയായില്ല. എന്നാൽ ദൈവ വാഗ്ദത്തംമൂലം ജനിച്ചവനായ ഇസഹാക്കാകട്ടെ, സ്വതന്ത്രയായ ഭാര്യ സാറായിൽ നിന്നു് ജനിച്ചവൻ. ഇതു രണ്ടും രണ്ടുപമകളായി വി. ശ്ലീഹാ തിരിക്കുന്നു. ഹാഗാർ അബ്രഹാമിന്റെ ജഡീക സന്തതികളെക്കുറിക്കുന്നു. അങ്ങനെയുള്ളവരാണല്ലോ ഇസ്രായേൽ ജനത. എന്നാൽ സ്വതന്ത്രയായ സാറാ, വാഗ്ദത്തസന്തതികളുടെ മാതാവാണ്. വിശ്വാസം മൂലം അബ്രഹാമിന്റെ മക്കളായി തീരുന്നവരുടെ മാതാവാണ്.

നമുക്കൊക്കെ പററാവുന്ന ഒരു കാര്യമാണിതു്. ഇസ്രായേൽ ജനത ഞങ്ങളാണ് വാഗ്ദത്ത സന്തതികളെന്നു് പറഞ്ഞു് അഭിമാനം കൊണ്ടിരിക്കുമ്പോൾ, ദൈവം തന്റെ വാഗ്ദത്തിന്റെ അവകാശികളായി പുറജാതിക്കാരെ തെരഞ്ഞെടുക്കയും, അഭിമാനികളായ യഹൂദരെ തല്ക്കാലത്തേയ്ക്കു് പുറത്താക്കുകയും ചെയ്തു.

മലങ്കരസഭ പുരാതന സഭയാണ്. സത്യവിശ്വാസത്തെ പാരമ്പര്യമായി പുലർത്തുന്ന സഭയാണ്. ഇതൊക്കെ സത്യമാണെങ്കിൽത്തന്നെയും, ഈ അഭിമാനം മൂലം നമുക്കു് ഒരു സ്വയം പര്യാപ്തത വന്നിട്ടു് നാം ദൈവത്തെപ്പോലും അറിയാത്തവരായിത്തീർന്നിരിക്കുന്നോയെന്നു് പലപ്പോഴും തോന്നിപ്പോകുന്നു. അങ്ങിനെ നമുക്കു ഒരു ദുരഭിമാനം വന്നിട്ടുണ്ടെങ്കിൽ ദൈവം തീർച്ചയായും നമ്മെ മാററിനിർത്തിയിട്ടു് തന്റെ പരമാധികാരമുള്ള തിരുവിഷ്ടപ്രകാരം അന്യസഭകളെ തെരഞ്ഞെടുത്തേക്കാം."

## യുവജനസമ്മേളനം.

കാർത്തികപ്പള്ളി

ഓർത്തഡോക്സ് യുവജനസമാജത്തിന്റെ ആഭിമുഖ്യത്തിലും മാർ പത്രോസ് ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും സ്ഥലം സെൻറു് തോമസ് നഗറിൽവച്ചു് ഒരു യുവജനസമ്മേളനം നടത്തപ്പെട്ടു. ജെ. സെക്രട്ടറി മി. ററി. സി. ഉമ്മൻ ബി. എ; ബി. ഡി. മി. കെ. എം. തരകൻ എം. എ. കൊല്ലം ഭദ്രാസന യുവജനസെക്രട്ടറി റവ ഡീക്കൻ കെ. ജെ. വറുഗീസ് എന്നിവർ പ്രസംഗിച്ചു.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Bonus on with Profits Policies (last declared) for the period ending 31-12-53.

Whole-Life: Rs. 16 per thousand per annum
Endowment: Rs. 14 per thousand per annum

# മലങ്കരസഭയ്ക്ക്

## ഒരു അനുകരണം

എം. എം.

(കഴിഞ്ഞ വാരത്തിൽ അപ്രതീക്ഷിതമായ ഒരു ലേഖനം എൻെറ പക്കൽ കിട്ടി. ലേഖനം അടക്കം ചെയ്തിരുന്ന കവറിൻെറ പുറത്ത് എഴുതിയിരുന്ന മേൽവിലാസം അല്പം അവ്യക്തമായിരുന്നു എങ്കിലും "പോസ്റ്റ്" മുദ്രകൊണ്ടു ക്രീററു ദ്വീപിലാണ് ആ ലേഖനം തപാലിലിട്ടതെ ഗ്രഹിക്കുവാൻ കഴിഞ്ഞു. ലേഖനത്തിൻെറ ഒന്നാംപേജിൽ മുകൾഭാഗത്ത് "നിങ്ങളുടെ ഇടവകയിൽ വായിച്ചതിനുശേഷം മററു ഇടവകകളിലേക്കു കൂടെ ഇതു് അയച്ചുകൊടുക്കുക" എന്ന് എഴുതിയിരുന്നു.

ഇതു് മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുവാൻ ഞാൻ അനല്പമായി ക്ലേശിക്കേണ്ടിവന്നു. സാധാരണക്കാർക്കു മനസ്സിലാകുന്ന ഭാഷയിലാക്കുവാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ടു്. അതു വായിച്ചപ്പോൾ പുതിയനിയമലേഖനങ്ങൾ എഴുതുന്നതിനു് പൗലൂസ് അപ്പോസ്തലൻ ഉപയോഗിച്ച ഗ്രേക്ക് ഭാഷയാണ് എൻെറ സ്മരണയിൽ വന്നതു്. എഴുത്തിൻെറ സ്വരം കൊണ്ടു് അപ്പോസ്തലനായ പൗലൂസാണ് ഈ ലേഖനം എഴുതിയതെന്നു തോന്നിപോകുന്നു. എങ്കിലും പുതിയനിയമത്തിൽ ചേർത്തിരിക്കുന്ന അദ്ദേഹത്തിൻെറ ലേഖനങ്ങൾ എഴുതിക്കഴിഞ്ഞു് 1900 വർഷങ്ങൾക്കു ശേഷം അദ്ദേഹം ഈ വിധമൊരു ലേഖനം എഴുതി എന്നു വിശ്വസിക്കുവാൻ പ്രയാസമത്രെ. എങ്കിലും ഇതു് നൽകുന്ന സന്ദേശം ശ്രദ്ധേയമായതിനാൽ മാത്രം ഈ ലേഖനം ഈ പംക്തികളിൽ ഉദ്ധരിക്കുവാൻ ഭാവിക്കുകയാണ്)

I

ദൈവേഷ്ടത്താലും തെരഞ്ഞെടുപ്പാലും യേശുക്രിസ്തുവിൻെറ അപ്പോസ്തലനായ പൗലോസ് മലങ്കരയുള്ള ദൈവത്തിൻെറ വൽസലരായ ക്രൈസ്തവർക്കു എഴുതുന്നതു്. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.

നിങ്ങളെ വന്നു കാണുവാൻ ഞാൻ വളരെ നാളുകളായി ആഗ്രഹിക്കുന്നു. നിങ്ങളെക്കുറിച്ച് ചിലതെല്ലാം കേൾക്കുകയും നിങ്ങൾ എന്തു ചെയ്യുന്നു എന്ന് ഗ്രഹിക്കുകയും ചെയ്യുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ടു്. മുന്നൊരവസരത്തിൽ ഞാൻ കപ്പൽച്ചേതത്തിൽ പെട്ടു് കരപററുവാൻ ഇടയായ ഈ ദ്വീപിൽ ഈ പ്രാവശ്യം എത്തിയതിനു ശേഷം നിങ്ങളെക്കുറിച്ചു ചിലകാര്യങ്ങൾ വായിച്ചറിയുവാനും എനിക്കു സൗകര്യം ലഭിക്കുകയുണ്ടായി. നിങ്ങളുടെ ജീവിതത്തിൻെറ പല വശങ്ങളും എനിക്ക് ദുർഗ്രാഹ്യമാകുന്നു. അവയിൽ സർവപ്രധാനമായി എനിക്കുതോന്നിയതു് നിങ്ങളുടെ വ്യവഹാരാസക്തിയും സഹിഷ്ണുതയില്ലായ്മയുമാണ്.

അവ കിടക്കട്ടെ. ചില വസ്തുതകൾ ഞാൻ അറിയുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടു്. ഈ ലോകം ഇപ്പോഴും ദൈവത്തിൻേറതാണ്. നിങ്ങൾക്കുള്ളതും നിങ്ങളും അവൻേറതത്രെ. ബാഹ്യമായ ചില കാര്യങ്ങളെ വ്യത്യാസപ്പെട്ടിട്ടുള്ളു. നിങ്ങൾ ക്രിസ്തുവിൻെറ വൽസലശിഷ്യരായിരിക്കുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നതു്. കാലം നിത്യതയിൽ ലയിക്കുവോളം എല്ലാ തലമുറയിലും ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് ദൈവത്തിൻെറ സ്നേഹം ഒരിക്കലായി കാണിച്ചു കൊടുക്കുന്നതിനു് അവൻ ഭൂമിയിലേക്കു വന്നു. ക്രിസ്തു പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ അവ കൊരിന്തിനാകട്ടെ, കോട്ടയത്തിനാകട്ടെ, എഫേസോസിനോ നിങ്ങളുടെ രാജ്യത്തുള്ള ഏതെങ്കിലുംനഗരത്തിനാകട്ടെ നിത്യസത്യങ്ങളാകുന്നു. അവൻ സർവ്വത്തിൻേറയും കർത്താവാകുന്നു എന്നുള്ളതു് നിങ്ങൾ വിസ്മരിക്കുന്നപക്ഷം നിങ്ങൾ നാശവിധേയരായിതീരുകയാണ് ചെയ്യുന്നതു്. അവനെ നിങ്ങളുടെ പ്രതിരൂപമാക്കുവാൻ നിങ്ങൾ ശ്രമിക്കരുതു്, അവൻ നിങ്ങളെ തൻെറ പ്രതിരൂപമാക്കി തീർക്കട്ടെ

നിങ്ങളുടെ കാലത്തു്, അക്രൈസ്തവലോകമദ്ധ്യത്തിൽ ക്രൈസ്തവരായി ജീവിക്കുവാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിൻെറ ഉത്തരവാദിത്വങ്ങളെപ്പററി ചില കാര്യങ്ങൾ എഴുതുവാൻ ഞാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. അതാണ് ഞാനും ചെയ്യേണ്ടിയിരുന്നതു്; ഞാൻ അക്രൈസ്തവ ലോകത്തിലാണല്ലോ ജീവിക്കേണ്ടിയിരുന്നതു്. അതാണ് നാം എല്ലാവരും ചെയ്യേണ്ടതു്. എന്നാൽ സഭക്കുള്ളിൽപോലും മനുഷ്യകപോലനിർമ്മിതമായ ചില ചട്ടക്കൂട്ടുകൾ നിർമ്മിക്കുവാൻവേണ്ടി വാദിക്കുകയും അവയിൽ നിങ്ങൾ കടിച്ചുതൂങ്ങി മരിക്കുകയും ചെയ്യുവാൻ തുടങ്ങുന്നതായി ഞാൻ ഭയപ്പെടുന്നു. മനുഷ്യരുടെയിടയിൽ രൂപം പ്രാപിക്കുന്ന യാതൊന്നും തന്നെ സ്രഷ്ടാവും ന്യായാധിപതിയുമായ സർവശക്തൻെറ ന്യായവിധിക്കും പരിശോധനക്കും വിധേയമാകാതിരിക്കുകയില്ലെന്ന് നിങ്ങൾ സ്മരിക്കണം. ഉത്തരവാദിത്വങ്ങൾക്കു മുമ്പിൽ പുറംതിരിഞ്ഞുനടന്നുകളയുന്നതു്—നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ എൻെറ കാലത്തെ അപേക്ഷിച്ചു വളരെ വിപുലമാകുന്നു. ജീവിതത്തിൽനിന്ന് തന്നെപിന്മാറുന്നതിനുതുല്യമത്രേ. അതു് നിങ്ങൾ ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ സമുദായ മദ്ധ്യത്തിൽ ക്രിസ്തുവിൻെറ മനുഷ്യരായി ജീവിക്കുവാനും അവിടെ ക്രൈസ്തവരായിരിക്കുവാനുമാണാവശ്യം. അങ്ങനെ സാധാരണ ജീവിതത്തിൽ ക്രിസ്തുവിൻെറ ശക്തി പ്രവഹിക്കുന്ന നീർച്ചാലുകളായി നിങ്ങൾ തീരണം.

ദൈവത്തിൻെറ ലക്ഷ്യമനുസരിച്ച് നിങ്ങൾ ഉത്തമപൗരന്മാരായിരിക്കുക എന്നുവച്ചാൽ അതിൻെറ അർത്ഥമെന്താണ്. അക്രൈസ്തവമായതു് ഏതെങ്കിലും ഭരണാധിപന്മാർ ചെയ്യുമ്പോൾ അതിനു് നിങ്ങളുടെ അനുമതി ആവശ്യപ്പെട്ടു എന്നുവരാം. നൈമിഷികമായ ചില കാര്യസാദ്ധ്യങ്ങളെ പ്രതി ചില കാര്യങ്ങളിൽ മൗനമവലംബിക്കേണ്ടതു് ബുദ്ധിപൂർവമായി നിങ്ങൾ കരുതിയേക്കാം. ഒരിക്കലും അരുതു്. അവയെ ശക്തിപൂർവം എതിർക്കുകതന്നെ ചെയ്യണം. ഉത്തരവാദിത്വഭരണലബ്ധിക്കു മുമ്പ് ഭരണം നടത്തിയിരുന്ന ഭരണാധിപൻെറ കുചേഷ്ടിതങ്ങളുടെ മുമ്പിൽ നിങ്ങൾ പൊതുവായി മൗനമവലംബിക്കുകയല്ലേ ചെയ്തതു്. അങ്ങനെ പലതും ഞാനറിയുവാനിടയായിട്ടുണ്ടു്. ഭരണക്കൂടങ്ങളുടെ രൂപം മാറിക്കൊണ്ടിരിക്കുമെന്നുള്ളതിനു് നിങ്ങൾ അനുഭവസാക്ഷികളാണല്ലോ. ദൈവത്തിൻെറ മാർഗ്ഗമേ സ്ഥിരമായി നിൽക്കുകയുള്ളൂ. രാജ്യം ദൈവത്തിൻേറതാണ്; മനുഷ്യരുടേതല്ല. നിങ്ങളുടെ ഭരണരീതിയിലും ജീവിതഗതിയിലും ഉത്തമമെന്ന് കാണുന്നതിനു് നിങ്ങൾ പിൻതുണ നൽകേണ്ടതാണ്. എന്നാൽ അതിനെ ആരാധിക്കരുതു്. എങ്കിലും ഒരവസരത്തിൽ നിങ്ങൾ ആരാധിക്കുന്നതിനുപോലും മുതിർന്നു എന്നാണ് ഞാനറിയുന്നതു്. ആരാധന ദൈവത്തിനു മാത്രം അവകാശപ്പെട്ടതാകുന്നു. ജനാധിപത്യ വ്യവസ്ഥിതിയിലാണ് നിങ്ങൾ ഇപ്പോൾ ജീവിക്കുന്നതെങ്കിലും നിങ്ങൾ ദൈവരാജ്യപൗരന്മാരുംകൂടെയാണ് എന്ന് പ്രത്യേകം ഓർത്തിരിക്കണം. നിങ്ങളുടെ പൗരത്വം ദ്വിവിധ

Licence No. 498 Dated 20-8-1946 Reg. M. 5268

THE CHURCH WEEKLY

ചരിത്രപംക്തി

# മലങ്കരഭയിലെ അർക്കദിയാക്കോന്മാരും മാർത്തോമ്മാ മെത്രാന്മാരും (തുടർച്ച)

(പി. എം. പത്രോസ്, മുളന്തുരുത്തി)

ക്രിസ്ത്വാബ്ദം പന്ത്രണ്ടാം ശതകത്തിന്റെ ഏതാണ്ടു പൂർവാർദ്ധത്തിൽ കട്ടത്തുരുത്തിക്കാരായ കുന്നശ്ശേരി കുടുംബക്കാരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ഈ കുരിശ്. കുരിശു പണിതിരിക്കുന്നതു വെറും വെട്ടുകല്ലുകൊണ്ടാണ്. ക്രിസ്താബ്ദം 1816നോടടുത്തു ഈ കുരിശു ജീർണ്ണോദ്ധാരണാർത്ഥം മുളന്തുരുത്തിപ്പള്ളിക്കാര്യത്തിൽ നിന്നു ചെത്തിതേപ്പിക്കു ഉണ്ടായി. ഈ കുരിശാണ് അയിപ്പുമെത്രാൻ ക്രൂദാശ ചെയ്തതെന്നു പറയപ്പെടുന്നത്. കൊല്ലവർഷം 991 ഇടവം 12-ാം തീയതിയോടടുത്താണു ഈ കർമ്മം നിർവഹിച്ചിട്ടുള്ളതെന്നു പറയപ്പെടുന്നു. ഇതിന്റെ പ്രധാന ഭാരവാഹി മുളന്തുരുത്തിപ്പള്ളിവികാരിയായിരുന്ന കളപ്പുരക്കൽ (ചാലപ്പുറത്തു) യാക്കോബു കത്തനാർ ആയിരുന്നുവത്രേ. കളപ്പുരക്കൽ എന്നതുകൂടാതെ ചാലപ്പുറത്തെന്നും ഇദ്ദേഹത്തിന്റെ കുടുംബത്തിനു പേരുണ്ട്. ഈ കുരിശിന്റെ ക്രൂദാശകഴിഞ്ഞിട്ടു ഇപ്പോൾ ഏതാണ്ടു ഒന്നരശതാബ്ദക്കാലത്തോളവുമായിരിക്കുന്നു.

കുരിശുക്രൂദാശ കഴിയുന്നത്ര ഭംഗിയായി നിർവഹിക്കാൻ മുളന്തുരുത്തി മർത്തോമ്മൻ പള്ളിക്കാര്യത്തിൽനിന്നു തീർച്ചയാക്കി. അതിലേക്കു പള്ളിക്കാര്യത്തിൽ നിന്നുക്ഷണിച്ചതു ഈ അയിപ്പുമെത്രാനെ ആയിരുന്നു. മെത്രാൻ ആയതു സമ്മതിക്കയും ചെയ്തു. കുരിശുക്രൂദാശക്കുവേണ്ടതായ ഏർപ്പാടുകളെല്ലാം പള്ളിക്കാര്യത്തിൽനിന്നും കാലെകൂട്ടി ചെയ്തിരുന്നു. അതിനാൽ സംബന്ധിക്കേണ്ടവർക്കെല്ലാം ക്ഷണക്കത്തുകളും അയച്ചു. കുരിശുക്രൂദാശയിൽ സംബന്ധിപ്പാൻ പള്ളിക്കാർ കോനാട്ടുമല്പാനേയും ക്ഷണിച്ചിരുന്നു. അയിപ്പു മെത്രാനു സാധാരണ പള്ളിക്രമങ്ങൾ പോലും ശരിയായി നടത്താനുള്ള സുറിയാനിഭാഷാപരിജ്ഞാനവും ഇല്ലായിരുന്നു. കുരിശുക്രൂദാശക്കുള്ള ക്രമംപോലും നിശ്ചയമില്ലായിരുന്നു. ഈ വക ക്രമങ്ങളടങ്ങിയ സുറിയാനികയ്യെഴുത്തു പുസ്തകം അക്കാലത്തു കോനാട്ടുമല്പാന്മാരുടെ ഗ്രന്ഥശേഖരത്തിൽമാത്രമെ ഉണ്ടായിരുന്നുവെന്നാണു പറയപ്പെടുന്നത്.

കുരിശുക്രൂദാശചെയ്യാൻ മെത്രാൻ സ്ഥലത്തെത്തി. ക്ഷണിച്ചപള്ളിക്കാരും ജനങ്ങളും വന്നെത്തുകയും ചെയ്തിരുന്നു. മല്പാനച്ചൻവന്നു ചേർന്നില്ല. അതിനാൽ ആളയച്ചു. 'ഹൌഭ്മാലാഖെ' അറിയാൻപാടില്ലാത്ത മെത്രാൻ എന്തിനാണു കുരിശുക്രൂദാശക്കുവന്നത്. ഞാൻ വരുന്നില്ല എന്നു മറുപടിയും കൊടുത്തു ദൂതനെമടക്കി അയച്ചു. ഈ മറുപടി കേട്ടുമെത്രാൻ വല്ലാതെ പരിഭ്രമിച്ചു. പള്ളിക്കാർ അതിലധികവും പരിഭ്രമിച്ചു. സന്നിഹിതരായ സകല ജനങ്ങൾക്കും എന്തെന്നില്ലാത്ത ഉത്സാഹഭംഗവുമായി. ക്രൂദാശകർമ്മം വേറൊരു തീയതിക്കു മാറ്റിവെക്കാനും നിർവാഹമില്ലന്നായി. അയിപ്പുമെത്രാന്റെ മുൻഗാമി 8-ാംമാർത്തോമ്മാ മെത്രാനുമായിട്ടുനടത്തിയ സമുദായവഴക്കിലും വ്യവഹാരത്തിലും കോനാട്ടച്ചൻ ഇട്ടൂപ്പ്റമ്പാന്റെ പക്ഷത്തായിരുന്നതുകൊണ്ടുംകൂടിയാണു അദ്ദേഹം അന്നു വരാതിരുന്നതെന്നു പറയപ്പെടുന്നു. കുരിശുക്രൂദാശ അന്നുതന്നെ നടത്തണമെന്നു കൂടപ്പെട്ടവരെല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. മല്പാന്റെ അഭാവംമൂലം ഉണ്ടായ ശോകതാപാദി മനഃസ്ഥാപത്തോടും സന്നിഹിതരായിരുന്ന വൈദികഗണത്തിന്റെ സഹകരണസാന്നിദ്ധ്യത്തോടും ജനങ്ങളുടെ പ്രാർത്ഥനാരവഘോഷത്തോടുംകൂടി അദ്ദേഹം കൈവശമുണ്ടായിരുന്ന സ്ളീബാ എടുത്തു കുരിശിനു അഭിമുഖമായി പിടിച്ചുകൊണ്ടു ദൈവമേ: നീ ശുദ്ധമുള്ളവനാകുന്നു എന്നു ചൊല്ലിക്കൊണ്ടു കുരിശാകൃതിയിൽ മൂന്നുപ്രാവശ്യം വാഴ്ത്തി. അപ്പോൾ കൽക്കുരിശു സ്ളീബായുടെ ആകൃതിയിൽ ആയിക്കൊണ്ടിരുന്നുവെന്നും അവസാനം ആകാശത്തിലുള്ള ബാവാ നന്മ നിറഞ്ഞ മറിയം എന്നിവ ചൊല്ലിയപ്പോൾ കുരിശു യഥാസ്ഥാനപ്പെട്ടുവെന്നും ഇതൊരു മഹാ അത്ഭുതമായി കാണികൾക്കു ബോദ്ധ്യമായിയെന്നുമാണു ഈ സംഭവത്തെപ്പറ്റി ഇന്നും മുളന്തുരുത്തിഇടവകയിൽ പ്രചാരത്തിലിരിക്കുന്ന ഒരു ഐതിഹ്യം. ഈ കുരിശുക്രൂദാശക്കുശേഷമാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസു മെത്രാൻ മൺട്രോസായ്പിനയച്ച ആവലാധിപ്രകാരം ഗവർണ്മെൻറിൽനിന്നു കൂടി പ്രവേശിച്ച പട്ടാളത്തിന്റെയും മറ്റുംസഹായത്തോടുകൂടി അയിപ്പുമെത്രാന്റെ വടി, മുടി, സ്ളീബാ എന്നിവയും ഒടുവിൽ അദ്ദേഹം ധരിച്ചിരുന്ന ചുമപ്പുളോഹപോലും വെപ്പിച്ചതു്.

അതതുകാലങ്ങളിൽസമുദായനേതാക്കന്മാരെന്നും സമുദായോദ്ധാരകനെന്നും അഭിമാനിച്ചിരുന്ന ഓരോവ്യക്തികൾ മൂലം സമുദായം അനുഭവിക്കേണ്ടിവന്ന ദുരിതസമുച്ചയങ്ങളും സാധാരണക്കാർക്കു നേരിട്ട മനഃശ്ചാഞ്ചല്യം പൂർത്തീകരിച്ചതിന്റെ പ്രത്യാഘാതമാണു പാവപ്പെട്ട ഈ സുറിയാനിസഭ ഇന്നു അനുഭവിക്കുന്നതെന്നും ആയതിലേക്കു ഈ വഴക്കുകൾക്കൊക്കെ പ്രധാന കാരണം വട്ടിപ്പണമാണെന്നും ഫലിതരൂപേണ സുപ്രസിദ്ധനായ 'ഒരു സമുദായാഭിമാനി' അഭിപ്രായപ്പെട്ടതു യഥാർത്ഥമാണെന്നു ഇപ്പോൾ വിശ്വസിക്കേണ്ടതായിരിക്കുന്നു. എങ്കിലും തന്റെ വിലയേറിയ രക്തത്താൽ വിലക്കുവാങ്ങിയ, ഈ ചെറിയ ആട്ടിൻകൂട്ടത്തെ അരുമരക്ഷകൻ ഒരു നാളും കൈവെടുകയില്ല. എല്ലാവരും യഥാശക്തി സഹിപ്പാനും ക്ഷമിപ്പാനും ശ്രമിക്കുകയും അതിലേക്കു പരിശുദ്ധാത്മാവിന്റെ നൽവരം ലഭിപ്പാൻ പരിശീലിക്കമാത്രം ചെയ്താൽ മാത്രം ദൈവം കൈവെടിയുകയില്ല. മാർത്തോമ്മാ മെത്രാന്മാരേയും അർക്കദിയാക്കോന്മാരേയും പറ്റി വിശദാംശങ്ങൾ അറിവുള്ളവർ ചർച്ചു വീക്ക്ലി പംക്തിവഴി പ്രസിദ്ധപ്പെടുത്തുന്നതും ഉപകാരപ്രദമായിരിക്കുന്നതാണ്.

ശുഭം.

---

മാണ്—ഭൂമിയിലും സ്വർഗ്ഗത്തിലും, കാലത്തിലും നിത്യതയിലും, മനുഷ്യരാജ്യത്തിലും ദൈവരാജ്യത്തിലും ഈ ഭൗമികരാജ്യം കൂടുതൽ കൂടുതലായി ദൈവരാജ്യത്തോടു സാദൃശ്യപ്പെടുവാൻ നിങ്ങൾ അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.(ഈ ലേഖനം അടുത്ത രണ്ടുലക്കങ്ങൾകൊണ്ട് അവസാനിക്കുന്നതാണ്.പം.)

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam